بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ     نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ     وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം
9

ലക്കം
13

വാർഷിക
വരിസംഖ്യ
600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadr.in

2024 മാർച്ച് 28/ ഹി.ശം 1403 അമാൻ 29/1445 റമളാൻ 18

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا كُتِبَ عَلَيْكُمُ
الصِّيَامُ كَمَا كُتِبَ عَلَى الَّذِيْنَ
مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُوْنَ ﴿۱۸۴﴾

വിശ്വാസികളേ! നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു;നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി.

(വിശുദ്ധ ഖുർആൻ 2:184)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**ഇടയത്താഴംതിന്ന് നോമ്പു പിടിക്കുന്നതിന്റെ ബർക്കത്ത്:**

ഹദ്റത്ത് അനസ്(റ)വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു:നോമ്പിന്റെ നാളുകളിൽ ഇടയത്താഴം തിന്നുക. കാരണം ഇടയത്താഴം തിന്ന് നോമ്പുപിടിക്കുന്നതിൽ ബർക്കത്തുണ്ട്.(ബുഖാരി, കിതാബുസ്സൗം, ബാബു ബർക്കത്തുസ്സുഹൂർ)

**സൂര്യനസ്തമിച്ചാൽ നോമ്പു തുറക്കേണ്ടതാണ്:**

ഹദ്റത്ത് ഉമർ(റ)പറയുന്നു:നബി(സ)തിരുമേനി പറഞ്ഞു: രാത്രിവരികയും പകൽപോകുകയും ചെയ്താൽ അതായത് സൂര്യനസ്തമിച്ചാൽ നോമ്പുകാരൻ നോമ്പു തുറക്കേണ്ടതാണ്.(ബുഖാരി, കിതാബുസ്സൗം, ബാബു മത്താ യഹില്ലു ഫത്വറ സ്സ്വാഇമി)

**നോമ്പു തുറക്കുന്ന നേരത്തെ ദുആ:**

ഹദ്റത്ത് മുആദ് ബിൻ സഹ്റ വിവരിക്കുന്നു, നബി(സ)തിരുമേനി നോമ്പുതുറക്കുന്ന നേരത്ത് ഈ ദുആ ചെയ്യുമായിരുന്നു, അല്ലാഹുമ്മ ലക്ക സ്വുംത്തു വ അലാ രിസ്ഖിക്ക അഫ്ത്വർത്തു അല്ലാഹുവേ!ഞാൻ നിന്റെ തൃപ്തിക്കുവേണ്ടി നോമ്പുനോറ്റു. നീ നല്കിയിട്ടുള്ള ജീവിതവിഭവംകൊണ്ട് ഞാൻ നോമ്പു തുറക്കുകയാണ്.(അബൂദാവൂദ് കിതാബുസ്സൗം, ബാബു അൽമർഅത്തു തസ്വൂമു ബിഗയ്രി ഇദിനി സൗജിഹാ)

THE WEEKLY
AL HAKAM
www.alhakam.org

mta INTERNATIONAL
WATCH LIVE
for children's classes, friday sermons, and more

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 ജനുവരി 19 (സമ്പൂർണ തർജമ)
ജുമുഅ ഖുത്വ്ബ 2023 ജനുവരി 26 (സമ്പൂർണ തർജമ)
മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

നിങ്ങളിലാരെങ്കിലും ഈ മാസത്തെ കണ്ടാൽ അതിലെ നോമ്പനുഷ്ഠിക്കുക.

شَهْرُ رَمَضَانَ الَّذِيْۤ اُنْزِلَ فِيْهِ الْقُرْاٰنُ هُدًى لِّلنَّاسِ وَبَيِّنٰتٍ مِّنَ الْهُدٰى وَالْفُرْقَانِ ۚ فَمَنْ شَهِدَ مِنْكُمُ الشَّهْرَ
فَلْيَصُمْهُ ؕ وَمَنْ كَانَ مَرِيْضًا اَوْ عَلٰى سَفَرٍ فَعِدَّةٌ مِّنْ اَيَّامٍ اُخَرَ ؕ يُرِيْدُ اللّٰهُ بِكُمُ الْيُسْرَ وَلَا يُرِيْدُ بِكُمُ
الْعُسْرَ ۫ وَلِتُكْمِلُوا الْعِدَّةَ وَلِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَلَعَلَّكُمْ تَشْكُرُوْنَ ﴿۱۸۶﴾

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ നോമ്പനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണുദ്ദേശിക്കുന്നത്;അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇത് നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞതകാണിക്കുന്നതിനും വേണ്ടിയാകുന്നു.

(വിശുദ്ധ ഖുർആൻ 2:186)

അല്ലാഹു ഇച്ഛിച്ചാൽ മറ്റു ഉമ്മത്തുകളെപ്പോലെ ഈ ഉമ്മത്തിലും ഉപാധിയൊന്നും വെക്കുമായിരുന്നില്ല. എന്നാൽ, അവൻ ഉപാധികൾവച്ചിട്ടുള്ളത് നന്മയ്ക്കുവേണ്ടിയാണ്. മനുഷ്യൻ അല്ലാഹുവിനുവേണ്ടി തന്നെ കഷ്ടപ്പാടിലകപ്പെടുത്തുമ്പോൾ അവൻ സ്വയമേവ മാതാപിതാവിനെപ്പോലെ കരുണചെയ്ത് അവനോടു ചോദിക്കുന്നു:നീ എന്തിനാണ് പ്രയാസത്തിൽ കിടക്കുന്നത്?

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഒരിക്കൽ ഫിദ്യാ എന്തിനാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന തോന്നൽ എന്റെ മനസ്സിലുണ്ടായി. അപ്പോൾത്തന്നെ അത് നോമ്പു പിടിക്കാൻ തൗഫീഖ് കിട്ടുന്നതിനാണെന്ന് മനസ്സിലാകുകയും ചെയ്തു. അല്ലാഹുവിന്റെ സത്തതന്നെയാണ് തൗഫീഖ് പ്രദാനം ചെയ്യുന്നത്. എല്ലാ കാര്യങ്ങളും അല്ലാഹുവിനോടുതന്നെ ചോദിക്കേണ്ടതാണ്. അല്ലാഹു സർവശക്തനാണ്. അവനിച്ഛിച്ചാൽ ഒരു കാസരോഗിക്കുപോലും നോമ്പു പിടിക്കുന്നതിനു കഴിവു പ്രദാനംചെയ്യാൻ കഴിയും. കഴിവുകരസ്ഥമാകുക എന്നതാണ് ഫിദ്യകൊണ്ടുള്ള ഉദ്ദേശ്യം. ഇതു അല്ലാഹുവിന്റെ ഫള്ൽ കൊണ്ടാണുണ്ടാകുന്നത്. എന്റെ അഭിപ്രായത്തിൽ ഏറ്റവും നല്ലത് (മനുഷ്യൻ) ദുആ ചെയ്യുക എന്നതാണ്. അതായത് ഇലാഹീ! ഇതു നിന്റെ അനുഗൃഹീത മാസമാണ്. ഞാൻ അതിൽനിന്ന് പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷം ജീവനോടെ ഉണ്ടാകുമോ എന്നറിയില്ല; അല്ലെങ്കിൽ വിട്ടുപോയ നോമ്പു പിടിച്ചുവീട്ടാൻ കഴിയുമോ എന്നും അറിയില്ല. അവനോടു തൗഫീഖ് ചോദിക്കുക. അത്തരം മനസ്സുകൾക്ക് അല്ലാഹു ശക്തി പ്രദാനം ചെയ്യുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

അല്ലാഹു ഇച്ഛിച്ചാൽ മറ്റു ഉമ്മത്തുകളെപ്പോലെ ഈ ഉമ്മത്തിലും ഉപാധിയൊന്നും വെക്കുമായിരുന്നില്ല. എന്നാൽ, അവൻ ഉപാധികൾവച്ചിട്ടുള്ളത് നന്മയ്ക്കുവേണ്ടിയാണ്. എന്റെ അഭിപ്രായത്തിൽ അസ്സൽ ഇതുതന്നെയാണ്, അതായത് മനുഷ്യൻ സത്യസന്ധതയോടും തികഞ്ഞ ആത്മാർഥതയോടും കൂടി അല്ലാഹുവിന്റെ സന്നിധിയിൽ ഈ മാസത്തിൽനിന്ന് എന്നെ പിന്തള്ളരുതേയെന്ന് കേഴുകയാണെങ്കിൽ അല്ലാഹു അവനെ പിന്തള്ളിക്കളയുകയില്ല. ഇനി അത്തരം അവസ്ഥയിൽ റമളാൻ മാസത്തിൽ മനുഷ്യൻ രോഗിയായാലും ആ രോഗം അവന് റഹ്മത്തായിരിക്കും. കാരണം എല്ലാ കർമങ്ങളുടെയും അടിസ്ഥാനം നിയ്യത്തിലാണ്. മുഅ്മിൻ ചെയ്യേണ്ടത് അവൻ തന്നെക്കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽഉത്സാഹിയാണെന്ന് സ്വയമേവ സ്ഥാപിച്ചുകാണിക്കുക എന്നതാണ്. ആർക്കാണോ നോമ്പു പിടിക്കാൻ കഴിയാത്തത്, എന്നാൽ അവന്റെ മനസ്സിൽ തനിക്ക് ആരോഗ്യമുണ്ടായിരുന്നെങ്കിൽ തീർച്ചയായും നോമ്പുപിടിക്കുമായിരുന്നുവെന്ന നിയ്യത്തുണ്ടായിരുന്നത്, അവന്റെ മനസ്സ് ഇക്കാര്യത്തിന് കരയുകയാണെങ്കിൽ, മലക്കുകൾ അവനുവേണ്ടി നോമ്പു പിടിക്കുന്നതാണ്. അവൻ തന്ത്രം പ്രയോഗിക്കുന്നവനാകരുതെന്നതാണ് നിബന്ധന. അങ്ങനെയാണെങ്കിൽ അല്ലാഹു ഒരിക്കലും അവനെ പ്രതിഫലത്തിൽനിന്ന് മാറ്റിനിറുത്തുകയില്ല.

ഇത് അതിസൂക്ഷ്മമായൊരു കാര്യമാണ്. ഏതെങ്കിലും ആൾക്ക് (തന്റെ ആത്മാവിന്റെ മടികൊണ്ട്) നോമ്പ് പ്രയാസമാകുകയും താൻ രോഗിയാണെന്ന് വെറുതെ കരുതുകയും ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിൽ തനിക്ക് ഇന്ന ഇന്ന രോഗം വരാനിടയുണ്ടെന്ന് ചിന്തിക്കുകയും ഇതുണ്ടാകും അതുണ്ടാകുമെന്ന് വിചാരിക്കുകയും ചെയ്യുന്ന വ്യക്തി യഥാർഥത്തിൽ അല്ലാഹുവിന്റെ നിഅ്മത്തിനെ തന്റെമേൽ അസഹ്യമാക്കുകയാണ് ചെയ്യുന്നത്. അപ്പോൾ അയാളെങ്ങനെ അ

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്‌ബ ജുമുഅ

- ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് പറയുന്നു:റസൂലുല്ലാഹി(സ)ഉഹുദിലെ ശുഹദാഇനെ മറവടക്കാൻ വന്നപ്പോൾ പറഞ്ഞു: അവരെ അവരുടെ മുറിവോടുകൂടിത്തന്നെ കഫൻ ചെയ്യുക. കാരണം ഞാൻ അവർക്കുമേൽ സാക്ഷിയാകുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ പരിക്കുപറ്റുകയും പിന്നെ ഖിയാമത്തുന്നാൾ രക്തമൊലിക്കുന്ന അവസ്ഥയിലും ഒരു മുസ്‌ലിമും വരുന്നതല്ല. അവരുടെ നിറം കുങ്കുമ നിറവും മണം കസ്തൂരിയുടേതുമായിരിക്കും.
- അല്ലയോ അൻസ്വാർ സംഘമേ! എന്റെ അടുക്കൽ വരുവിൻ! ഞാൻ ഥാബിത് ബിൻ ദഹ്ദാഹ് ആകുന്നു. മുഹമ്മദ്(സ)വധിക്കപ്പെട്ടുവെങ്കിൽ അല്ലാഹു ജീവിച്ചിരിക്കുന്നവനാകുന്നു. അവൻ ഒരിക്കലും മരിക്കുന്നതല്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ദീനിനുവേണ്ടി പടപൊരുതുവിൻ, അല്ലാഹു നിങ്ങൾക്ക് വിജയം നല്കുന്നതാണ്. നിങ്ങളെ സഹായിക്കുകയും ചെയ്യും.
- ഒരു നിവേദനത്തിൽ പറയുന്നു: മുഹയ്‌രീഖ് യഹൂദികളിൽ മുൻകടന്നു പോയിരിക്കുന്നു. സൽമാൻ ഫാർസികളിൽ മുൻകടന്നു പോയിരിക്കുന്നു. ബിലാൽ ഹബ്ശികളിലും മുൻകടന്നുപോയിരിക്കന്നു.
- ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹശ് പറഞ്ഞു: ദാഹിക്കുന്ന അവസ്ഥയിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനെക്കാൾ എനിക്കിഷ്ടം വയർ നിറഞ്ഞ അവസ്ഥയിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്നതാണ്.
- ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറാണ് ഉഹുദു ദിവസം ഏറ്റവുമാദ്യം ശഹീദായത്. ഖബറടക്കം ചെയ്യുമ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അബ്ദുല്ലാഹ് ബിൻ അംറിനേയും അംറ് ബിൻ ജമൂഹിനേയും ഒരേ ഖബറിൽ അടക്കുക. കാരണം അവർ ഇഹലോകത്ത് പരസ്പരം ആത്മാർഥ സ്നേഹിതരായിരുന്നു.
- നിരന്തരമായ നിവേദനങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമായി മനസിലാകുന്നതെന്തെന്നാൽ, നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിലെ ശഹീദുമാരുടെ ജനാസ നമസ്കരിക്കുകയുണ്ടായില്ലെന്നാണ്. അവിടന്ന് ശഹീദുമാരുടെ ജനാസ നമസ്കരിച്ചുവെന്നും ഹദ്റത്ത് ഹംസുടെ ജനാസക്ക് 70 തക്ബീർ ചൊല്ലിയെന്നും പറയുന്ന നിവേദനങ്ങൾ ശരിയല്ല. ഉഖ്ബ ബിൻ ആമിറിന്റെ നിവേദനത്തെ പറ്റി പറയുകയാണെങ്കിൽ അതിൽ പറയുന്നത് നബി(സ)തിരുമേനി 8 വർഷത്തിനുശേഷം അവരുടെ ജനാസ നമസ്കരിക്കുകയുണ്ടായെന്നാണ്. ഈ നിവേദനത്തിൽ 8 വർഷത്തിനുശേഷമാണ് ഈ സംഭവം എന്ന് പറയുന്നുണ്ട്
- ഉഹുദ് യുദ്ധത്തിൽ ആദരണീയരായ സ്വഹാബാക്കളുടെ ശഹാദത്ത് സംഭവങ്ങളും റസൂലിനോടുള്ള സ്നേഹത്തിന്റേയും കൂറിന്റേയും ഈമാൻ ദൃഢീകരിക്കുന്ന ചർച്ചയും
- മനുഷ്യത്വത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിന് ദുആ ചെയ്യാനുള്ള ആഹ്വാനം.

**ഖുത്‌ബ ജുമുഅ 2024 ഫെബ്രുവരി 16/1403 തബ്ലീഗ് 16**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഉഹുദ് യുദ്ധവുമായി ബന്ധപ്പെട്ട് നബി(സ)തിരുമേനിയുടെ ജീവചരിത്രത്തിലെ ഭാഗങ്ങളും സ്വഹാബികൾക്ക് നബി(സ)തിരുമേനിയോടുണ്ടായിരുന്ന അനുരക്തിയുടെ ബന്ധത്തെ പറ്റിയുമാണ് പറഞ്ഞുവന്നിരുന്നത്. ഇതിൽ ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ ശഹാദത്തിന്റെ വിവരണവും കാണപ്പെടുന്നുണ്ട്. ഹദ്റത്ത് ഖാരിജ(റ), ഉഹുദുയുദ്ധത്തിൽ ധീരമായി പൊരുതിക്കൊണ്ട് ശഹാദത്ത് വരിച്ചു. അമ്പുകൾക്കിടയിൽ അകപ്പെട്ടു. അദ്ദേഹത്തിന് 13-ൽ അധികം മുറിവുകളേറ്റിരുന്നു. അദ്ദേഹം പരിക്കേറ്റ് കിടക്കുകയായിരുന്നു. സ്വഫ്‌വാൻ ബിൻ ഉമയ്യ അദ്ദേഹത്തിനടുത്തുകൂടി പോവുകയുണ്ടായി. അയാൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞപ്പോൾ ആക്രമിച്ച് ശഹീദാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മൃതദേഹം വികൃതമാക്കി. എന്നിട്ട് പറഞ്ഞു: ഇയാൾ ബദ്ർ യുദ്ധത്തിൽ അബൂഅലിയെ വധിച്ചവനാണ്.അതായത് എന്റെ പിതാവ് ഉമയ്യ ബിൻ ഖലഫിനെ വധിക്കുകയുണ്ടായി. ഇപ്പോൾ എനിക്ക് മുഹമ്മദ് (സ)ന്റെ കൂട്ടുകാരിൽ ഏറ്റവും നല്ലവരെ കൊന്നുകൊണ്ട് മനസ്സിന് കുളിരുപകരാൻ അവസരം ലഭിച്ചിരിക്കുകയാണ്. അയാൾ ഇബ്നു ഖൗഖൽ(റ), ഹദ്റത്ത് ഖാരിജ ബിൻ സയ്ദ്(റ)ഹദ്റത്ത് ഔസ് ബിൻ അർഖം(റ) എന്നിവരെ ശഹീദാക്കുകയുണ്ടായി. ഹദ്റത്ത് ഖാരിജയും ഹദ്റത്ത് സഅ്ദ് ബിൻ റബീഉം നബി(സ)തിരുമേനിയുടെ പിതൃവ്യപുത്രന്മാരായിരുന്നു. അവരിരുവരേയും ഒരേയൊരു ഖബ്റിലാണ് മറവടക്കിയത്. (അൽഇസ്തീആബ്, വാല്യം 2, പേജ് 3-4, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

നിവേദനത്തിൽ പറയുന്നു, ഉഹുദ് ദിവസം ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ(റ)ഉറക്കെ പറയുന്നുണ്ടായിരുന്നു: 'അല്ലയോ മുസ്‌ലിം സമൂഹമേ! അല്ലാഹുവിനോടും നിങ്ങളുടെ നബിയോടും ചേർന്നിരിക്കുവിൻ. നിങ്ങൾക്കുണ്ടായ പ്രയാസം നിങ്ങളുടെ നബിയെ ധിക്കരിച്ചതുകൊണ്ടാണ് സംഭവിച്ചത്. അവൻ നിങ്ങൾക്ക് സഹായ വാഗ്ദാനം നല്കിക്കൊണ്ടിരുന്നു. പക്ഷേ, നിങ്ങൾ ക്ഷമ കാണിച്ചില്ല.' തുടർന്ന് ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ തന്റെ പടച്ചട്ടയും പടത്തൊപ്പിയും അഴിച്ചുമാറ്റി. ഹദ്റത്ത് ഖാരിജ ബിൻ സയ്ദിനോട് ചോദിച്ചു, നിങ്ങൾക്ക് ഇതിന്റെ ആവശ്യമുണ്ടോ? ഹദ്റത്ത് ഖാരിജ(റ) പറഞ്ഞു: 'ഇല്ല, നിങ്ങൾ ആഗ്രഹിക്കുന്ന കാര്യം തന്നെയാണ് ഞാനും ആഗ്രഹിക്കുന്നത്.'അതായത് ശഹാദത്ത് അങ്ങനെ അവർ ശത്രുക്കളുമായി ഏറ്റുമുട്ടി. അബ്ബാസ് ബിൻ ഉബാദ ഇങ്ങനെ പറയുന്നുണ്ടായിരുന്നു: 'നമ്മൾ കണ്ടുകൊണ്ടിരിക്കേ നബി(സ)തിരുമേനിക്ക് വല്ല പ്രയാസവുമുണ്ടായാൽ നമുക്ക് നമ്മുടെ റബ്ബിന്റെ മുന്നിൽ എന്ത് ഒഴികഴിവാണ് ഉണ്ടാകുക?'ഹദ്റത്ത് ഖാരിജ ഇങ്ങനെ പറഞ്ഞിരുന്നു: 'നമുക്ക് നമ്മുടെ നാഥന്റെ മുമ്പിൽ ഒരു ഒഴികഴിവോ തെളിവോ പറയാനുണ്ടാകില്ല.' ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ(റ)യെ, സുഫ്‌യാൻ ബിൻ അബ്ദു ശംസ് സലമിയാണ് ശഹീദാക്കിയത്. ഖാരിജ ബിൻ സയ്ദിന് അമ്പുകൾ കൊണ്ടതുകാരണം 10-ൽ അധികം മുറിവുകളേറ്റിരുന്നു.(കിതാബുൽമഗാസി, വാല്യം 1, പേജ് 227-228, പ്രസാധനം: ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഒരു ഉദ്ധരണിയിൽ പറയുന്നു: ഉഹുദ് യുദ്ധ ദിവസം ഹദ്റത്ത് മാലിക് ബിൻ ദുഖ്ശും(റ) ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ അടുത്തൂടെ കടന്നുപോകാൻ ഇടവന്നു. ഹദ്റത്ത് ഖാദിജ പരിക്കുകളേറ്റിരിക്കുകയായിരുന്നു. അദ്ദേഹത്തിന് 13-വോളം മാരകമായ പരിക്കുകൾ പറ്റിയിരുന്നു. ഹദ്റത്ത് മാലിക് അദ്ദേഹത്തോട് പറഞ്ഞു: ഹദ്റത്ത് റസൂലുല്ലാഹ് (സ) ശഹീദാക്കപ്പെട്ടത് നിങ്ങൾ അറിഞ്ഞില്ലേ? ഇത് കാഫിരീങ്ങളുടെ രണ്ടാമതുണ്ടായ ആക്രമണത്തിനുശേഷമുള്ള പരാമർശമാണ്. ഹദ്റത്ത് ഖാരിജ(റ) പറഞ്ഞു: 'നബി(സ)തിരുമേനി ശഹീദാക്കപ്പെട്ടാലും അല്ലാഹു തീർചയായും ജീവിച്ചിരിക്കുന്നു. അവൻ മരിക്കുന്നതല്ല.' അതായിരുന്നു അവരുടെ ഈമാൻ! 'മുഹമ്മദ് (സ)സന്ദേശമെത്തിച്ചുതന്നിരുന്നു. നിങ്ങളുംനിങ്ങളുടെ ദീനിനുവേണ്ടി യുദ്ധം ചെയ്യുവിൻ!'(കിതാബുൽമഗാസി, വാല്യം 1, പേജ് 243, പ്രസാധനം: ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്). 'പക്ഷേ, ഇപ്പോൾ ശത്രുക്കൾ നിങ്ങളോടു യുദ്ധം ചെയ്യുകയാണ്. നിങ്ങളും യുദ്ധം ചെയ്യുവിൻ! നമ്മുടെ കടമയും അല്ലാഹുവിനുവേണ്ടി ജീവൻ ത്യജിക്കുകയാണ്.'

ഇനി ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാന്റെ ശഹാദത്ത് വിവരണമാണ്.ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ ബദ്ർ-ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ധീരതയോടെ പൊരുതി. നബി(സ)തിരുമേനി പറയുന്നു:ഞാൻ ശമ്മാസ് ബിൻ ഉഥ്മാനെ പരിചപോലെയാണ് കണ്ടത്. നബി(സ)തിരുമേനിയുടെ ഇടത്തും വലത്തും എവിടെ നോക്കിയാലും ശമ്മാസിനെ കണ്ടിരുന്നു. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ തന്റെ വാളുകൊണ്ട് പ്രതിരോധം തീർക്കുകയായിരുന്നു. ഒരുവേള അതായത് നബി (സ)തിരുമേനി അക്രമിക്കപ്പെടുകയും കല്ലേറുകൊള്ളുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി മോഹലസ്യപ്പെട്ടു. ഹദ്റത്ത് ശമ്മാസ്(റ) താൻതന്നെ നബി(സ)തിരുമേനിക്കു മുമ്പിൽ പരിചയായി നിന്നു. അങ്ങനെ അദ്ദേഹത്തിന് ശക്തമായ പരിക്കുകൾ പറ്റി. ഹദ്റത്ത് ശമ്മാസിനെ അതേ അവസ്ഥയിൽ മദീനയിൽ എടുത്തുകൊണ്ടുവന്നു. അപ്പോൾ അദ്ദേഹത്തിന് ജീവനുണ്ടായിരുന്നു. ഇദ്ദേഹത്തെ ഹദ്റത്ത് ആഇശയുടെ(റ)അടുക്കൽ കൊണ്ടുപോയി. ഹദ്റത്ത് ഉമ്മുസൽമ(റ)പറഞ്ഞു: എന്റെ പിതൃവ്യപുത്രനെ എന്റെ അടുക്കലല്ലാതെ മറ്റെവിടേക്കാണ് കൊണ്ടുപോകുന്നത്? അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: അദ്ദേഹത്തെ ഉമ്മുസൽമയുടെ അടുക്കൽ എടുത്തുകൊണ്ടുപോകുക.അങ്ങനെ അദ്ദേഹത്തെ അവിടെ കൊണ്ടുപോയി. അദ്ദേഹം അവരുടെ വീട്ടിൽവച്ചുതന്നെയാണ് മരണമടഞ്ഞ

ത്. അദ്ദേഹം ഉഹുദിൽനിന്ന് പരിക്കേറ്റ അവസ്ഥയിലാണ് വന്നത്. പിന്നെ നബി(സ)തിരുമേനിയുടെ കല്പനപ്രകാരം ഹദ്റത്ത് ശമ്മാസിനെ(റ) ഉഹുദിന്റെ മൈതാനത്ത് കൊണ്ടുപോയി. അവിടെയുള്ള ഖബ്റുകളിലാണ് മറവടക്കിയത്. മദീനയിലാണ് മരണപ്പെട്ടതെങ്കിലും ഉഹുദിലാണ് ഖബറടക്കിയത്. പരിക്കേറ്റ അവസ്ഥയിൽ അദ്ദേഹത്തെ മദീനയിലെത്തിച്ചു. അവിടെ അദ്ദേഹം ഒരു രാത്രിയും പകലും ജീവനോടെയുണ്ടായിരുന്നു. ഈ സമയമത്രയും അദ്ദേഹം ഒന്നുംതന്നെ തിന്നുകയോ കുടിക്കുകയോ ചെയ്തില്ലെന്ന് പറയപ്പെടുന്നു. നല്ല ക്ഷീണമുണ്ടായിരുന്നു. അദ്ദേഹം അബോധാവസ്ഥയിലായിരുന്നു. ഹദ്റത്ത് ശമ്മാസ് 34-ാമത്തെ വയസ്സിലാണ് ശഹീദായത്. യുവാവായിരുന്നു.

ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാനെ(റ)പറ്റിയുള്ള ചരിത്രം അദ്ദേഹത്തിന് നബി(സ)തിരുമേനിയോടുണ്ടായിരുന്ന സ്നേഹത്തിന്റെ ഒരു ഉദാത്തമായ മാതൃകയായിരുന്നു. ഇസ്ലാമിനുവേണ്ടി ത്യാഗം ചെയ്തതിന്റെയും ഉന്നതമായ മാതൃകയായിരുന്നു. ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ത്വൽഹയുടെ സ്നേഹാതിരേകത്തിന്റെ ചരിത്രം കാണപ്പെടുന്നുണ്ട്. അദ്ദേഹം നബി(സ)തിരുമേനിക്ക് അമ്പേൽക്കാതിരിക്കാൻ തന്റെ കൈ നബി(സ)തിരുമേനിയുടെ പരിശുദ്ധ മുഖത്തിന് മുന്നിൽ പിടിക്കുകയുണ്ടായി. അവിടെയാണ് ഹദ്റത്ത് ശമ്മാസിന്റെ മഹത്തായ ത്യാഗം കാണപ്പെടുന്നത്. ഹദ്റത്ത് ശമ്മാസ് നബി(സ) തിരുമേനിക്കു മുന്നിൽ നിലയുറപ്പിച്ചു. ഓരോ ആക്രമണത്തെയും സ്വയം ഏറ്റുവാങ്ങി.

നബി(സ)തിരുമേനി ഹദ്റത്ത് ശമ്മാസിനെ പറ്റി പറയുന്നു: ശമ്മാസിനെ എന്തിനോടെങ്കിലും ഉപമിക്കാൻ പറ്റുമെങ്കിൽ പരിചയോടു ഉപമിക്കാവുന്നതാണ്. അതായത് ഉഹുദ് മൈതാനത്ത് അദ്ദേഹം എനിക്കുവേണ്ടി പരിചയായി നിലകൊണ്ടു. അദ്ദേഹം എന്റെ മുന്നിലും പിന്നിലും സംരക്ഷണം തീർത്തുകൊണ്ട് അവസാനശ്വാസംവരെ പൊരുതിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി നോക്കുന്നിടത്തെല്ലാം ശമ്മാസിനെ വളരെ ധൈര്യപൂർവം പൊരുതുന്നതായിട്ടാണ് കണ്ടത്. ശത്രുക്കൾ നബി(സ)തിരുമേനിയെ ആക്രമിക്കുന്നതിൽ വിജയിക്കുകയും നബി(സ) തിരുമേനി മോഹാലസ്യപ്പെട്ട് വീഴുകയും ചെയ്തപ്പോൾ ശമ്മാസ് തന്നെയാണ് പരിചയായി നിന്നത്. അങ്ങനെ അദ്ദേഹത്തിന് മാരകമായി പരിക്കുപറ്റി. അതേ അവസ്ഥയിൽ അദ്ദേഹത്തെ മദീനയിലേക്ക് എത്തിക്കുകയും ചെയ്തു. ഹദ്റത്ത് ഉമ്മുസൽമ(റ) പറഞ്ഞു: ഇദ്ദേഹം എന്റെ പിതൃവ്യ പുത്രനാകുന്നു. ഞാൻ അദ്ദേഹത്തിന്റെ ബന്ധുവാകുന്നു. അതുകൊണ്ട് എന്റെ വീട്ടിലാണ് അദ്ദേഹത്തെ ശുശ്രൂഷിക്കുകയും മറ്റും ചെയ്യേണ്ടത്. പക്ഷേ, പരിക്കുകളുടെ ഗുരുതരാവസ്ഥ കാരണം ഒന്നുരണ്ടു ദിവസങ്ങൾക്കു ശേഷം അദ്ദേഹം മരണപ്പെട്ടു.നബി(സ)തിരുമേനി പറഞ്ഞു: ശമ്മാസിനെയും മറ്റു ശുഹദാഇനെപോലെ(അതേ)വസ്ത്രങ്ങളിൽ ഖബറടക്കുക.(അത്ത്വബഖാത്തുൽകുബ്റാ വാള്യം 3, പേജ് 186, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്(റ)ന്റെ ശഹാദത്ത് സംബന്ധിച്ചുള്ള വിവരണം: ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്(റ)ബദ്ർ,ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഉഹുദ് യുദ്ധത്തിൽ ശഹീദാകുകയുമുണ്ടായി. അദ്ദേഹത്തെ സ്വഫ്വാൻ ബിൻ ഉമയ്യയാണ് ശഹീദാക്കിയത്. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിനെ അബാൻ ബിൻ സയീദാണ് ശഹീദാക്കിയത്.

ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്, ഹദ്റത്ത് മുജദ്ദർ ബിൻ സിയാദ്, ഹദ്റത്ത് ഉബാദ ബിൻ ഹസ്ഹാസ് എന്നിവരെ ഉഹുദിന്റെ അവസരത്തിൽ ഒരേ ഖബറിലാണ് മറവടക്കിയത്. (അത്ത്വബഖാത്തുൽ കുബ്റാ ഭാഗം 3, പേജ് 414, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)(ഉസദുൽഗാബ, വാള്യം 2, പേജ് 157, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)(സീറത്ത് ഇബ്നു ഹിശാം, പേജ് 468,560, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)(ഉംദത്തുൽഖാരി, വാള്യം 14, പേജ് 183, ദാറു അഹ്യാഉത്തുറാബ് ബെയ്റുത്ത്)

നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിന് പുറപ്പെടുകയും നബി(സ)തിരുമേനി അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലുമായി കൂടിയാലോചന നടത്തുകയും ചെയ്യുന്ന സന്ദർഭത്തിൽ ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്ക് പറഞ്ഞു: യാ റസൂലുല്ലാഹ്! അല്ലാഹുവാണ! ഞാൻ തീർചയായും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. വളരെ ഉറച്ച സ്വരത്തിലാണ് നബി(സ)തിരുമേനിയോട് താൻ തീർചയായും സ്വർഗത്തിൽ പ്രവേശിക്കുമെന്ന് പറഞ്ഞത്. നബി(സ) തിരുമേനി ചോദിച്ചു. എങ്ങനെ? അപ്പോൾ ഹദ്റത്ത് നുഅ്മാൻ(റ)പറഞ്ഞു: അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ യുദ്ധത്തിൽനിന്നൊരിക്കലും പിന്തിരിഞ്ഞോടുന്നതല്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നീ പറഞ്ഞത് സത്യമാകുന്നു. അങ്ങനെ ആ ദിവസം തന്നെ അദ്ദേഹം ശഹീദായി.(ഉസദുൽഗാബ, വാള്യം 5, പേജ് 322, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഖാലിദ് ബിൻ അബൂ മാലിക് ജഅ്ദി നിവേദനം. ഞാൻ എന്റെ പിതാവിന്റെ ഗ്രന്ഥത്തിൽ ഇങ്ങനെയൊരു നിവേദനം കണ്ടിരിക്കുന്നു. അതായത്, ഹദ്റത്ത് നുഅ്മാൻ ബിൻ ഖൗഖൽ അൻസ്വാരി (റ) ഇങ്ങനെ ദുആ ചെയ്യുകയുണ്ടായി: എന്റെ നാഥാ, നിന്നെക്കൊണ്ടു സത്യം സൂര്യൻ അസ്തമിക്കുന്നതിന് മുമ്പേ ഞാൻ എന്റെ മുടന്തുന്ന അവസ്ഥയിൽ സ്വർഗത്തിലെ പച്ചപ്പിൽ നടക്കുന്നതായിരിക്കും.അങ്ങനെ അദ്ദേഹം അതേദിവസം തന്നെ ശഹീദായി. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു അദ്ദേഹത്തിന്റെ ദുആ സ്വീകരിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തെ കശ്ഫിൽ കണ്ടിരിക്കുന്നു.അല്ലാഹു നബി(സ) തിരുമേനിയോടു ഇത് പറഞ്ഞതാണ്. നബി(സ)തിരുമേനി പറയുന്നു: അദ്ദേഹം സ്വർഗത്തിൽ നടക്കുന്നതായി ഞാൻ കണ്ടു. അദ്ദേഹത്തിന് എന്തെങ്കിലും മുടന്തോ മറ്റോ ഉണ്ടായിരുന്നില്ല. (മഅ്രിഫത്തുസ്സ്വഹാബ, വാള്യം 4, പേജ് 317, പ്രസധനം ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഇനി ഹദ്റത്ത് ഥാബിത്ത് ബിൻ ദഹ്ദാഹിനെ പറ്റിയുള്ള പരാമർശമാണ്. ഥാബിത് ബിൻ ദഹ്ദാഹും ഉഹുദ് യുദ്ധത്തിൽ നല്ല രീതിയിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു.(സയ്റുസ്സ്വഹാബ വാള്യം 3, പേജ് 552, ദാറുൽഇശാഅത്ത് കറാച്ചി). അദ്ദേഹത്തിന്റെ പങ്കാളിത്തവും പ്രകടമായിരുന്നു. നബി(സ)തിരുമേനി ശഹീദായെന്ന വാർത്തക്കുശേഷം മുസ്ലിമീങ്ങളിൽ ചിലർ പറഞ്ഞു: നബി(സ)തിരുമേനി ശഹീദായിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഗോത്രത്തിലേക്ക് തിരിച്ചുപോകുകയാണെങ്കിൽ നിങ്ങൾക്ക് അഭയം നല്കുന്നതാണ്. അപ്പോൾ മറ്റുചിലർ ചോദിച്ചു: നബി (സ)തിരുമേനി ശഹീദായെങ്കിൽ നിങ്ങൾ നിങ്ങളുടെ നബിയുടെ ദീനിനും അതിന്റെ സന്ദേശത്തിനും വേണ്ടി പടപൊരുതി നിങ്ങളുടെ നാഥന്റെ സവിധത്തിൽ ശഹീദായി എത്തുകയില്ലേ?

ഹദ്റത്ത് ഥാബിത് ബിൻ ദഹ്ദാഹ് അൻസ്വാരിനോടു പറഞ്ഞു: അല്ലയോ അൻസ്വാർ സംഘമേ! ഞാൻ ഥാബിത് ബിൻ ദഹ്ദാഹ് ആകുന്നു. മുഹമ്മദ്(സ) യഥാർഥത്തിൽ ശഹീദായെങ്കിൽ അല്ലാഹു ജീവിച്ചിരിക്കുന്നവനാണ്. അവനൊരിക്കലും മരിക്കുകയില്ല. അതുകൊണ്ട് നിങ്ങളുടെ ദീനിനുവേണ്ടി യുദ്ധം ചെയ്യുവിൻ. അല്ലാഹു നിങ്ങളെ വിജയപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ്.അതുകേട്ടപ്പോൾ അൻസ്വാരി മുസ്ലിമീങ്ങളിലെ ഒരു സംഘം എഴുന്നേൽക്കുകയും അവർ ഹദ്റത്ത് ഥാബിത്തിനോടൊപ്പം ചേർന്ന് മുശ്രികീങ്ങളുടെ ഒരു സംഘത്തെ ആക്രമിക്കുകയും ചെയ്തു. അതിൽ ഖാലിദ് ബിൻ വലീദ്, ഇക്രിമ ബിൻ അബൂജഹ്ൽ, അംറ് ബിൻ ആസ്, ളിഹാർ ബിൻ ഖത്വാബ് എന്നിവരു മുണ്ടായിരുന്നു. മുസ്ലിമീങ്ങളുടെ ഒരു ചെറിയ സംഘം യുദ്ധം ചെയ്യുന്നത് കണ്ടപ്പോൾ ഖാലിദ് ബിൻ വലീദ് ശക്തമായി തിരിച്ചടിച്ചു. ഥാബിത് ബിൻ ദഹ്ദാഹിനേയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും ശഹീദാക്കുകയും ചെയ്തു.(അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 309, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

മറ്റൊരു നിവേദനത്തിൽ പറയുന്നു: ഉഹുദ് ദിവസം ഥാബിത് ബിൻ ദഹ്ദാഹ് മുന്നിൽവന്നു. മുസ്ലിമീങ്ങൾ ആ സമയത്ത് ചിതറിപ്പിരിഞ്ഞിരുന്നു. അവർ അസ്വസ്ഥരുമായിരുന്നു. അദ്ദേഹം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: അല്ലയോ അൻസ്വാർ സംഘമേ! എന്റെ അടുക്കൽ വരുവിൻ! ഞാൻ ഥാബിത് ബിൻ ദഹ്ദാഹ് ആകുന്നു. മുഹമ്മദ്(സ)വധിക്കപ്പെട്ടുവെങ്കിൽ അല്ലാഹു ജീവിച്ചിരിക്കുന്നവനാകുന്നു. അവൻ ഒരിക്കലും മരിക്കുന്നതല്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ദീനിനുവേണ്ടി പടപൊരുതുവിൻ, അല്ലാഹു നിങ്ങൾക്ക് വിജയം നല്കുന്നതാണ്. നിങ്ങളെ സഹായിക്കുകയും ചെയ്യും.

അങ്ങനെ ഒരു സംഘം അൻസ്വാർ അദ്ദേഹത്തിന്റെ അടുത്ത് ഒരുമിച്ചുകൂടി. അദ്ദേഹം ഈ മുസ്ലിമീങ്ങളെയുംകൂട്ടി ശത്രുക്കൾക്കെതിരിൽ ആക്രമണം നടത്തി. അവർക്കെതിരിൽ കാഫിരീങ്ങളുടെ വളരെ ശക്തരായ ഒരു സൈന്യമാണ് വന്നത്. അതിന്റെ നേതാവ് ഖാലിദ് ബിൻ വലീദ്, അംറ് ബിൻആസ്, ഇക്രിമ ബിൻ അബൂജഹ്ൽ, ളിറാർ ബിൻ ഖത്വാബ് എന്നിവരായിരുന്നു. ഇവരെല്ലാവരും ഒന്നിച്ചുനിന്ന് അവരെ ആക്രമിച്ചു. ഥാബിത്തിനെ ഖാലിദ് ബിൻ വലീദ് അമ്പുകൊണ്ട് ആക്രമിച്ചു. അമ്പ് അദ്ദേഹത്തിന്റെ ശരീരത്തിലൂടെ തുളച്ചു കയറിപ്പോയി. ഥാബിത് ശഹീദായി വീണു. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന അൻസ്വാറും ശഹീദാക്കപ്പെട്ടു. ഇക്കാര്യം കൊണ്ടുതന്നെ അന്നത്തെ ദിവസം മുസ്ലിമീങ്ങളിൽ ഏറ്റവും ഒടുവിൽ ശഹീദാക്കപ്പെട്ടവർ ഇവരാണെന്ന് പറയപ്പെടുന്നു.

ഒരു നിവേദനമനുസരിച്ച് ഖാലിദ് മുന്നോട്ടു വന്ന് അമ്പെയ്യുകയും അങ്ങനെ ഹദ്റത്ത് ഥാബിത്ത് പരിക്കേറ്റ് നിലത്തുവീഴുകയും ചെയ്തു. ജനങ്ങൾ അദ്ദേഹത്തെ എടുത്തുകൊണ്ടുവന്ന് ശുശ്രൂഷിക്കാൻ തുടങ്ങി. ആ സമയത്ത് രക്തം വരുന്നത് നിലച്ചെങ്കിലും ഹുദയ്ബിയ യുദ്ധത്തെതുടർന്നുണ്ടായ ഓരോരോ മുറിവുകളും വീണ്ടും പൊട്ടുകയുണ്ടായി. ഈ സങ്കടത്തിൽ അദ്ദേഹം മരണപ്പെടുകയും ചെയ്തു. ഏതായാലും ഇങ്ങനെയും ഒരു രിവായത്തുണ്ട്. ഹദ്റത്ത് ജാബിർ ബിൻ സംറ നിവേദനം. നബി(സ) തിരുമേനി ഹദ്റത്ത് ഥാബിത് ബിൻ ദഹ്ദാഹിന്റെ ജനാസയുടെ കൂടെ നടന്നുപോകുകയും തിരിച്ച് കുതിരപ്പുറത്ത് വരികയുമുണ്ടായി.(ഉസദുൽഗാബ, വാള്യം 1, പേജ് 440, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)(സയ്റുസ്സ്വഹാബ, വാള്യം 3, പേജ് 552, ദാറുൽഇശാഅത്ത് കറാച്ചി)(തിർമുദി, അബൂവാബുൽ ജനാഇസ്, മാ ജാഅ ഫിർറുഖ്സ്വത്തി ഫീദാലിക്ക, ഹദീഥ് 1014)

ഈ നിവേദനത്തിൽനിന്ന് വ്യക്തമാകുന്നത് ഹുദയ്ബിയ യുദ്ധത്തിനുശേഷം മുറിവുകൾ പൊട്ടിയെന്ന നിവേദനം ദുർബലമാണെന്നും അദ്ദേഹം(നേരത്തെ) തൽസമയംതന്നെ ശഹീദായെന്നുമാണ്.

ഒരു കുടുംബത്തിലെ 4 അംഗങ്ങളുടെ ശഹാദത്തിനെ പറ്റിയും പരാമർശം കാണപ്പെടുന്നുണ്ട്. ഥാബിത്ത് ബിൻ വഖ്ശ്, രിഫാഅ ബിൻ വഖ്ശ്, എന്നീ സഹോദരന്മാർ ഉഹുദ് ദിവസം ശഹീദാക്കപ്പെടുകയുണ്ടായി. അവരോടൊപ്പം ഥാബിത്ത് ബിൻ വഖ്ശിന്റെ രണ്ടു മക്കൾ സൽമാൻ ബിൻ ഥാബിത്തും അംറ് ബിൻ ഥാബിത്തും ശഹീദാക്കപ്പെട്ടിരുന്നു. അംറ് ബിൻ ഥാബിത്തിന്റെ പേര് ഉസ്വയ്രിം എന്നും വിവരിക്കപ്പെട്ടിട്ടുണ്ട്. ഇവരെല്ലാം അൻസ്വാരിലെ ബനൂഅബ്ദുൽഅശ്ഹൽ ഗോത്രത്തിൽ പ്പെട്ടവരായിരുന്നു.(ഉസദുൽഗാബ, വാള്യം 1, പേജ് 458-459, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

രിഫാഅ് ബിൻ വഖ്ശ് വൃദ്ധനായിരുന്നു. രിഫാആയും ഥാബിത്തും സഹോദരന്മാരായിരുന്നു. ഇവരിരുവരും ഉഹുദ് യുദ്ധത്തിൽ ഒന്നിച്ചാണ് പടപൊരുതിയത്. രിഫാആയെ ഖാലിദ് ബിൻ വലീദാണ് ശഹീദാക്കിയത്.(ഉസദുൽഗാബ, വാള്യം 2, പേജ് 288, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഥാബിത്ത് ബിൻ വഖ്ശിന്റെ ശഹാദത്ത് സംഭ

വം ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. ഇബ്നു ഇസ്ഹാഖ് എഴുതുന്നു: നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിന് പോയപ്പോൾ ഥാബിത് ബിൻ വഖ്ശും ഹുസയ്ൽ ബിൻ ജാബിറും (ഇദ്ദേഹത്തിന്റെ പേര് യമാൻ എന്നായിരുന്നു. ഇദ്ദേഹം ഹുദയ്ഫ ബിൻ യമാന്റെ പിതാവാകുന്നു)വൃദ്ധരായിരുന്നു. ഇവർ മുസ്ലിം സ്ത്രീകളും കുട്ടികളും സുരക്ഷിതത്വത്തിനുവേണ്ടി അഭയം പ്രാപിച്ച കോട്ടയിലാണുണ്ടായിരുന്നത്. അവരിലൊരാൾ മറ്റേയാളോട് പറഞ്ഞു: താങ്കൾ ഇനി എന്താണ് കാത്തിരിക്കുന്നത്? നമുക്ക് ഇനി അധികം ആയുസ്സൊന്നും ബാക്കിയില്ല. ഇന്ന് നമ്മൾ മരണപ്പെട്ടില്ലെങ്കിൽ നാളെ എന്തായാലും മരണപ്പെടുന്നതാണ്. നമുക്ക് വാളുകളുമെടുത്ത് നബി(സ)തിരുമേനിയെ കാണാം. ഒരുപക്ഷേ, അല്ലാഹു നമുക്ക് ശഹാദത്ത് തരും. അങ്ങനെ അവരിരുവരും വാളുമെടുത്ത് കാഫിരീങ്ങൾക്കിടയിൽ തള്ളിക്കയറി. അതായത് യുദ്ധത്തിൽ ഭാഗഭാക്കായി. (അസ്സീറത്തുന്നബ്വിയ്യ, ലിഇബ്നി ഹിശാം, പേജ് 537–538, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

അംറ് ബിൻ ഥാബിത് അല്ലെങ്കിൽ ഉസ്വയ്രിം എന്നും അദ്ദേഹത്തിന് പേരുണ്ട്. അംറ് ബിൻ ഥാബിത്ത് ബിൻ വഖ്ശ് അൻസ്വാരി, ഞാൻ പറഞ്ഞതുപോലെ ഉസ്വയ്രിം എന്ന പേരിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഹുദയ്ഫ ബിൻ യമാന്റെ സഹോദരിയായിരുന്നു. ഇദ്ദേഹം ഉഹുദ് യുദ്ധ ദിവസം ഫജ്ർ നമസ്കാരത്തിനുശേഷമാണ് മുസ്ലിമായത്. ഫജ്ർ നമസ്കാരത്തിന് ശേഷം മുസ്ലിമായതുകൊണ്ട് നമസ്കാരം അനുഷ്ഠിച്ചിട്ടുണ്ടായിരുന്നില്ല. ഇദ്ദേഹം തന്റെ കുതിരപ്പുറത്ത് ചെന്ന് നബി(സ)തിരുമേനിയെ കണ്ടുമുട്ടി. മുസ്ലിമീങ്ങളുമായിചേർന്ന് യുദ്ധം ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ശഹീദാകുകയും ചെയ്തു. (സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 6, പേജ് 458, ദാറുസ്സലാം റിസർച്ച് സെന്റർ)

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ) തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു: ഒരിക്കൽ പോലും നമസ്കരിച്ചില്ലെങ്കിലും സ്വർഗസ്ഥനായ വ്യക്തിയെ പറ്റി എന്നോടു പറയുക. ആളുകൾക്ക് അതേപറ്റി അറിയില്ലായിരുന്നു. അവർ അദ്ദേഹം ആരാണെന്ന് നബി(സ)തിരുമേനിയോടു ചോദിച്ചു. നബി(സ)തിരുമേനി പറഞ്ഞു: അത് ഉസ്വയ്രിം ബിൻ ഉസ്വയ്രിം ആകുന്നു. അതായത് അംറ് ബിൻ ഥാബിത്ത്! ഒരു നിവേദനത്തിൽ പറയുന്നു: ഉസ്വയ്രിം തന്റെ ഗോത്രത്തിന് മുന്നിൽ ഇസ്ലാമിനെ നിഷേധിച്ചുകൊണ്ടിരുന്നു. ഉഹുദുയുദ്ധമുണ്ടാകുകയും നബി(സ)തിരുമേനി പുറപ്പെട്ടുകഴിയുകയും ചെയ്തിരുന്നു. ഉസ്വയ്രിംന് ഇസ്ലാമിന്റെ യാഥാർഥ്യം ബോധ്യപ്പെട്ടപ്പോൾ അദ്ദേഹം ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. പിന്നെ തന്റെ വാളുമേന്തി തന്റെ ഗോത്രത്തിൽ വന്നു. ജനങ്ങൾക്കിടയിൽ തള്ളിക്കയറി യുദ്ധം ചെയ്യാൻ തുടങ്ങി. അങ്ങനെ പരിക്കുകൾ അദ്ദേഹത്തെ പരക്ഷീണനാക്കി. അതിന്നിടയിൽ ബനൂഅബ്ദുൽ അശ്ഹലിലെ ആളുകൾ തങ്ങളുടെ ശുഹദാഇന്റെ മൃതദേഹങ്ങൾ തിരയുകയായിരുന്നു. പെട്ടെന്നാണ് അവരുടെ ദൃഷ്ടികൾ അദ്ദേഹത്തിൽ പതിഞ്ഞത്. അത്ഭുതത്തോടെ അവർ പറഞ്ഞു: ഇത് ഉസ്വയ്രിം ആണല്ലോ? പക്ഷേ, ഇവിടെ അദ്ദേഹത്തെ ആരാണെത്തിച്ചത്? നമ്മൾ അദ്ദേഹത്തെ അവിടെ വിട്ടുവന്നതാണല്ലോ! അദ്ദേഹം ഇസ്ലാമിന്റെ നിഷേധിയായിരുന്നു. തുടർന്ന് അവർ അദ്ദേഹത്തോടു ചോദിച്ചു: ഉസ്വയ്രിം താങ്കൾ ഇവിടെ എങ്ങനെയാണെത്തിയത്? തന്റെ ഗോത്രത്തോടുള്ള അഭിമാനം കൊണ്ടാണോ? അതല്ല ഇസ്ലാമിനോടുള്ള താൽപര്യം കൊണ്ടാണോ? വന്നത്. അദ്ദേഹം പറഞ്ഞു: ഇസ്ലാമിനോടുള്ള താൽപര്യംകൊണ്ടാണ് ഞാൻ വന്നത്. അതായത് ഞാൻ ഇസ്ലാം സത്യമാണെന്ന് മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ വന്നത്. ഞാൻ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചുകൊണ്ട് മുസ്ലിമായിരിക്കുന്നു. ഞാൻ വാളുമെടുത്ത് നബി(സ)തിരുമേനിയുടെകൂടെ യുദ്ധം ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ഇപ്പോൾ നിങ്ങൾ ഈ കാണുന്ന അവസ്ഥയിൽ ഞാനെത്തിയിരിക്കുന്നു. തുടർന്ന് അദ്ദേഹം അവരുടെ കൈകളിൽ കിടന്നുകൊണ്ടുതന്നെ അന്ത്യശ്വാസം വലിച്ചു. നബി(സ) തിരുമേനിയോടു ഇതിനെ കുറിച്ച് പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: അദ്ദേഹം സ്വർഗസ്ഥനാകുന്നു.(അൽഇസ്വാബ ഫീ തമീസ്സിസ്സ്വഹാബ വാള്യം 4, പേജ് 501, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത്)

ഞാനാദ്യം അല്പം നിറുത്താൻ കാരണം, അവിടന്ന് പറഞ്ഞു: അദ്ദേഹം സ്വർഗസ്ഥനാകുന്നു. അവിടെ റളിയല്ലാഹു അൻഹു എന്ന് എഴുതിയിട്ടുണ്ടായിരുന്നു. വാസ്തവത്തിൽ സ്വല്ലല്ലാഹു അലയ്ഹിവസല്ലം എന്നാണ് എഴുതേണ്ടിയിരുന്നത്. അതുകൊണ്ട് ഇത് സ്വഹാബി പറഞ്ഞതാണോ എന്നൊരു സംശയമുണ്ടായി. ഏതായാലും ഇതിൽനിന്ന് വ്യക്തമായി, നബി(സ)തിരുമേനി പറഞ്ഞു, അദ്ദേഹം സ്വർഗസ്ഥനാണെന്ന്.

ആദ്യം പറഞ്ഞ നിവേദനവും അതായത് നമസ്കാരങ്ങളൊന്നും അനുഷ്ഠിക്കാതെ തന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടു എന്നതും ശരിയാണെന്ന് മനസ്സിലാകുന്നു. അദ്ദേഹം ജീവിതത്തിന്റെ അവസാനനിമിഷത്തിൽവന്ന് ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി!

ഈ കുടുംബത്തിലെ നാലാമത്തെ ശഹീദ് ഹദ്റത്ത് സൽമാ ബിൻ ഥാബിത്ത് ആയിരുന്നു. ഹദ്റത്ത് സൽമാ ബിൻ ഥാബിത്തിന്റെ മുഴുവൻ പേര് സൽമാ ബിൻ ഥാബിത് ബിൻ വഖ്ശ് എന്നാകുന്നു. ഹദ്റത്ത് സൽമാ ബദ്ർ യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. ഉഹുദ് യുദ്ധത്തിൽ അബൂ സുഫ്യാനാണ് ഹദ്റത്ത് സൽമാ ബിൻ ഥാബിത്തിനെ ശഹീദാക്കിയത്. ഹദ്റത്ത് സൽമായുടെ പിതാവ് ഹദ്റത്ത് ഥാബിത്ത് ബിൻ വഖ്ശും പിതൃവ്യൻ ഹദ്റത്ത് രിഫാഅ ബിൻ വഖ്ശും സഹോദരൻ ഹദ്റത്ത് അംറ് ബിൻ ഥാബിത്തും ഉഹുദ് യുദ്ധത്തിൽ ശഹീദാക്കപ്പെടുകയുണ്ടായി. ഈ കുടുംബത്തിലെ നിരവധിയാളുകൾ ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ് വാള്യം 3, പേജ് 337 പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)(ഉസദുൽഗാബ ഫീ മഅ്രിഫത്തി സ്സ്വഹാബ വാള്യം 2, പേജ് 291, പ്രസാധനം ദാറുൽഫിക്ർ, ബെയ്റുത്ത് 2003)

മുഖയ്രീഖ് ഒരു യഹൂദിയായിരുന്നു. ബനൂ നളീറിൽപ്പെട്ട ആളായിരുന്നു. മുഹമ്മദ് ബിൻ ഉമർ അസ്ലമീ പറയുന്നു: ഇദ്ദേഹം ഇസ്ലാം സ്വീകരിച്ചിട്ടുണ്ടായിരുന്നു. ചിലർ ഇദ്ദേഹം ബനൂ ഖയിൻഖായിൽ പെട്ട ആളാണെന്നും മറ്റുചിലർ ബനു ഥഅ്ലബ ബിൻ ഫിത്യൂനിൽ പെട്ട വ്യക്തിയാണെന്നും പറയുന്നു. ഇദ്ദേഹം യഹൂദികളിലെ വലിയ പണ്ഡിതന്മാരിൽപ്പെട്ടയാളാണ്. അദ്ദേഹം നബിസ)തിരുമേനിയെ അവിടത്തെ സവിശേഷതകളും അവിടത്തെ അറിവും മുഖേന തിരിച്ചറിഞ്ഞിരുന്നു. പക്ഷേ, അദ്ദേഹത്തിന് തന്റെ മതത്തോടുള്ള സ്നേഹം അധികമായിരുന്നു. അതുകൊണ്ട് വിശ്വസിയായില്ല. ശനിയാഴ്ച ദിവസം അദ്ദേഹം പറഞ്ഞു: അല്ലയോ യഹൂദസംഘമേ! നിങ്ങൾക്കറിയാമോ? മുഹമ്മദ്(സ)നെ സഹായിക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമാകുന്നു. അതായത് ജുമുഅ ദിവസമാണ് സൈന്യം ഉഹുദിലേക്ക് പോയത്. അദ്ദേഹം അടുത്ത ദിവസം അതായത് ശനിയാഴ്ച്ചയാണ് ഇത് പറഞ്ഞത്. അപ്പോൾ ആളുകൾ പറഞ്ഞു: ഇന്ന് ശബ്ബത്ത് നാളാണ്. ഇന്ന് യുദ്ധം ചെയ്യുന്ന പ്രശ്നം തന്നെയില്ല. അദ്ദേഹം പറഞ്ഞു: നിങ്ങൾക്ക് ഒരു ശബ്ബത്തുമില്ല. തുടർന്ന് തന്റെ ഗോത്രത്തോട് പറഞ്ഞു: അഥവാ ഇന്ന് കൊല്ലപ്പെടുകയാണെങ്കിൽ എന്റെ സ്വത്ത് മുഹമ്മദ്(സ)ന്റേതായിരിക്കും അദ്ദേഹത്തിന് അത് ഇഷ്ടംപോലെ ചെലവഴിക്കാവുന്നതാണ്. പിന്നെ തന്റെ ആയുധവുമേന്തി പുറപ്പെട്ടു. അങ്ങനെ യുദ്ധത്തിൽ ഭാഗഭാക്കായി ശഹീദാകുകയും ചെയ്തു. നബി(സ) തിരുമേനി പറഞ്ഞു: മുഹയ്രീഖ് യഹൂദികളിൽ ഏറ്റവും ഉത്തമനാകുന്നു.

ഒരു നിവേദനത്തിൽ പറയുന്നു: മുഹയ്രീഖ് യഹൂദികളിൽ മുൻകടന്നു പോയിരിക്കുന്നു. സൽമാൻ ഫാർസികളിൽ മുൻകടന്നു പോയിരിക്കുന്നു. ബിലാൽ ഹബ്ശികളിലും മുൻകടന്നുപോയിരിക്കന്നു. (സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 212, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഒരു ചരിത്രകാരൻ മുഹയ്രീഖിനെപറ്റി എഴുതുന്നു: ഒരു അഭിപ്രായപ്രകാരം അദ്ദേഹം കാഫിരീങ്ങളോട് പൊരുതിക്കൊണ്ടാണ് ജീവൻ ത്യജിച്ചത്. നബി(സ)തിരുമേനിയുടെ പരിശുദ്ധ അധരത്തിൽനിന്ന് അദ്ദേഹത്തെപറ്റി ശ്രേഷ്ഠമായ വാക്കുകളാണ് വന്നിരിക്കുന്നത്. അതുകൊണ്ട് നിരവധി ജീവചരിത്രകാരന്മാരും ചരിത്രകാരന്മാരും മുഹയ്രീഖിനെ മുസ്ലിമായി ഗണിക്കുന്നുണ്ട്. ഇവരിൽ ഇബ്നു ഹിശാം, സുഹയ്ലി, ഇബ്നു ഹജർ, ഇബ്നു കഥീർ, ബിലാദരി, ഖാളി ഇയാള്, ഇമാം നവവി, മറ്റുള്ളവരും ഉൾപ്പെടുന്നു.(ദാഇറയെ മആരിഫ്, സീറത്തു മുഹമ്മദു(സ) വാള്യം 6, പേജ് 604)

ഇനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ പറ്റിയുള്ള പരാമർശമാണ്. ചരിത്രത്തിൽ പറയുന്നു: അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം അദ്ദേഹത്തെ എല്ലാ ഭൗതിക കാര്യങ്ങളിൽനിന്നും അകറ്റി നിറുത്തിയിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹം തന്റെ പ്രിയപ്പെട്ട ജീവൻ എങ്ങനെയെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കണമെന്നതു മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ഈ ആഗ്രഹം പൂർത്തിയായി. മുജദ്ദഉൻ ഫില്ലാഹി അതായത് അല്ലാഹുവിന്റെ മാർഗത്തിൽ കാതു മുറിഞ്ഞവൻ എന്ന ഇദ്ദേഹത്തിന്റെ പേര് സവിശേഷതയായിരുന്നു.

അദ്ദേഹത്തിന്റെ ശഹാദത്തിന്റെ മുമ്പേ സ്വീകരിക്കപ്പെട്ട ഒരു ദുആ ഇതുമായിരുന്നു. അതായത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ പറ്റി അദ്ദേഹത്തിന്റെ ദുആ എങ്ങനെയാണ് സ്വീകരിക്കപ്പെട്ടത്? ഇതു സംബന്ധമായി പറയുന്നു: ശഹാദത്തിന് മുമ്പേ അദ്ദേഹത്തിന്റെ ദുആ സ്വീകരിപ്പെട്ട സംഭവം പ്രസിദ്ധമാണ്. ഇസ്ഹാഖ് ബിൻ സഅ്ദ് ബിൻ അബീ വഖാസ്(റ)തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹശ് എന്റെ പിതാവ് സഅ്ദിനോട് ഉഹുദ്യുദ്ധ ദിവസം പറഞ്ഞു: വരൂ! അല്ലാഹുവിനോടു ദുആ ചെയ്യാം.അങ്ങനെ അവർ ഒരു ഭാഗത്ത് മാറിപ്പോയി ആദ്യം സഅ്ദ് ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുവേ! നാളെ ഞാൻ ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ എന്നെ നേരിടുന്നത് യുദ്ധത്തിൽ ശക്തനും കരുത്തനുമായ ശത്രുഭടനുമായിരിക്കണം. അങ്ങനെ ഞാൻ അയാളുമായി പൊ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

രുതുകയും അയാളെ നിന്റെ മാർഗത്തിൽ കൊല്ലാൻ അയാളുടെ ആയുധങ്ങൾ എനിക്ക് കൈവശപ്പെടു ത്താൻ കഴിയുകയും വേണം. അപ്പോൾ അബ്ദുല്ലാ ഹ് ബിൻ ജഹ്ശ് ആമീൻ എന്ന് പറഞ്ഞു. തുടർന്ന് അബ്ദുല്ലാഹ് ബിൻ ജഹ്ശ് ഇങ്ങനെ ദുആ ചെയ്തു. ആദ്യത്തേത് ആദ്യം പറഞ്ഞ ആളുടെ (സഅ്ദിന്റെ) ദുആയായിരുന്നു. ഇനി അബ്ദുല്ലാഹ് ബിൻ ജഹ് ശിന്റെ ദുആയാണ്. അല്ലാഹുവേ! നാളെ എന്റെ മുന്നിൽ വളരെ ശക്തമായി യുദ്ധം ചെയ്യുന്നവൻ വരുകയും അയാൾ അതിജയിക്കുകയും വേണം. അങ്ങനെ അയാളോട് ഞാൻ നിനക്കുവേണ്ടി പൊ രുതുകയും അയാൾ എന്നോട് യുദ്ധം ചെയ്യുകയും അയാൾ എന്നെ അതിജയിച്ച് എന്നെ വധിക്കുകയും എന്നെ പിടിച്ച് കാതും മൂക്കും എല്ലാം ഛേദിക്കുക യും വേണം. അങ്ങനെ ഞാൻ നിന്റെ സവിധത്തിൽ എത്തുമ്പോൾ നീ എന്നോട് ചോദിക്കണം, അബ് ദുല്ലാഹ് എന്തുകാരണത്താലാണ് നിന്റെ കാതും മൂക്കുമെല്ലാം ഛേദിക്കപ്പെട്ടിരിക്കുന്നത്? അപ്പോൾ ഞാൻ പറയും: അല്ലാഹുവേ! നിന്റെ മാർഗത്തിൽ, നിന്റെ റസൂലിന്റെ മാർഗത്തിൽ! അതിനു മറുപടി യായി നീ പറയും: നീ പറഞ്ഞത് സത്യമാണ്. അ തായത് അല്ലാഹുവും എന്നെക്കുറിച്ച് നീ പറഞ്ഞത് സത്യമാണെന്ന് പറയണമെന്ന ആഗ്രഹമാണ്. സഅ്ദ് പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശി ന്റെ ദുആ എന്റെ ദുആയേക്കാൾ ഉത്തമമായിരുന്നു. അവസാന ദിവസം നോക്കുമ്പോൾ അദ്ദേഹത്തിന്റെ രണ്ട് കാതും മൂക്കും ഒരു ചരടിൽ തൂക്കിയിട്ട അ വസ്ഥയിലാണ് കണ്ടത്. (ഉസദുൽഗാബ, വാള്യം 3, പേജ് 194-196, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)അതായത് അത് ഛേദിക്കപ്പെ ടുകയും പിന്നെ കോർത്തിട്ടിരിക്കുകയുമായിരുന്നു.

സ്വഹാബാക്കൾക്ക് അല്ലാഹുവിനോടുള്ള സ്നേ ഹവും കൗതുകകരമായിരുന്നു. ഹദ്റത്ത് മത്വലബ് ബിൻ അബ്ദുല്ലാഹ് ബിൻ ഹൻത്വബ് നിവേദനം. നബി(സ)തിരുമേനി ഉഹുദിലേക്ക് പുറപ്പെടുക യും വഴിയിൽ മദീനക്കടുത്ത് ശെയ്ഖയ്ൻ എന്ന സ്ഥലത്തിനുസമീപം രാത്രി തങ്ങുകയും ചെയ്തു. അവിടെ ഉമ്മു സൽമാ പുഴുങ്ങിയ ഒരു ഭക്ഷണം കൊണ്ടുവന്നു. അതിൽനിന്ന് നബി(സ)തിരുമേനി തിന്നു. അതുപോലെ നബീദും കൊണ്ടുവന്നിരുന്നു. നബി(സ)തിരുമേനി നബീദ കുടിക്കുകയും ചെയ്തു. അതായത് ദ്രവ രൂപത്തിലുള്ള ഒരു ഭക്ഷണമാണ്. ഹരീറെ പോലുള്ളതാണ്. പിന്നെ മറ്റൊരാൾ നബീദ് വെച്ചിരുന്ന ആ പാത്രം വങ്ങി അതിൽനിന്ന് കുറച്ച് കുടിച്ചു. തുടർന്ന് ആ പാത്രം ഹദ്റത്ത് അബ്ദു ല്ലാഹ് ബിൻ ജഹ്ശ് വാങ്ങിത്തീർക്കുകയുണ്ടായി. ഒരാൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനോട് പറഞ്ഞു: അൽപം എനിക്ക് കൂടി തരൂ!നാളെ രാ വിലെ നിങ്ങളെവിടെ പോകുമെന്ന് ആർക്കറിയാം അതായത് യുദ്ധം നടക്കുന്നതാണ്. ആരാണ് ശഹീ ദാവുകയെന്നും ആരാണ് ജീവിച്ചിരിക്കുകയെന്നും ആർക്കറിയാം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ് ശ് പറഞ്ഞു: എനിക്കറിയാം. എനിക്കെന്റെ ശഹാദ ത്തിൽ പൂർണ വിശ്വാസമുണ്ട്. തുടർന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹശ് പറഞ്ഞു: ദാഹിക്കുന്ന അവസ്ഥയിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനെ ക്കാൾ എനിക്കിഷ്ടം വയർ നിറഞ്ഞ അവസ്ഥയിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്നതാണ്.(അത്ത്വബഖാ ത്തുൽകുബ്റാ വാള്യം 3, പേജ് 67, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

അല്ലാഹുവിനെ എന്തായാലും കണ്ടുമുട്ടേണ്ടതാ ണ്. അതുകൊണ്ട് നല്ലപോലെ ഭക്ഷണം കഴിച്ച അവസ്ഥയിൽ കണ്ടുമുട്ടാനാണ് താൽപര്യം. അതു കൊണ്ടാണ് ഞാൻ കുടിക്കുന്നത്. സ്വഹാബാക്കളു ടെ അല്ലാഹുവുമായുള്ള സ്നേഹത്തിന്റെ രീതിയും കൗതുകകരമാണ്. അതിനുവേണ്ടി അവരുടെ തയ്യാ റെടുപ്പുകളും കൗതുകകരമാകുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനേയും ഹദ്റത്ത് ഹംസത്ത് ബിൻ അബ്ദുൽ മുത്വലി ബിനെയും ഒരേ ഖബ്റിലാണ് അടക്കം ചെയ്ത ത്. ഹദ്റത്ത് ഹംസ(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ മാതുലനായിരുന്നു. ശഹാദത്ത് വേളയിൽ അദ്ദേഹത്തിന്റെ പ്രായം 40-ൽ അല്പം കൂടുതലായിരുന്നു. നബി(സ)തിരുമേനി അദ്ദേഹ ത്തിന്റെ പിന്തുടർച്ചാവകാശത്തിന്റെ രക്ഷാധികാരി യായി. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ മകന് ഖയ്ബറിൽ സ്വത്ത് വാങ്ങിക്കൊടുക്കുകയുണ്ടായി. (ഉസദുൽഗാബ, വാള്യം 2, പേജ് 196, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് അബൂസഅ്ദ് ഖയ്ഥമ ബിൻ അബൂഖ യ്ഥമയുടെ ശഹാദത്ത്. തനിക്കുവേണ്ടി അദ്ദേഹം നബി(സ)തിരുമേനിയോടു ദുആക്ക് അപേക്ഷിച്ചത് സംബന്ധിച്ച് ഇപ്രകാരം കാണാം. അദ്ദേഹം നബി നബി(സ)തിരുമേനിയോടു ദുആക്കപേക്ഷിക്കുകയു ണ്ടായി. മുഹമ്മദ് ബിൻ ഉമർ(റ)നിവേദനം. ഖയ്ഥമ ഉഹുദ് ദിവസം പറഞ്ഞു: യാ റസൂലുല്ലാഹ്(സ)! എനിക്ക് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞി ട്ടില്ല. ഞാൻ അതിൽ പങ്കെടുക്കാൻ കൊതിച്ചിരുന്നു. അങ്ങനെ ബദ്റിൽ പോകുന്നതിനുവേണ്ടി നറുക്കി ട്ടപ്പോൾ എന്റെ മകൻ സഅ്ദ് ബിൻ ഖയ്ഥമയുടെ നറുക്കാണ് വീണത്. അദ്ദേഹം ബദ്റിൽ ശഹാദത്ത് വരിച്ചു. കഴിഞ്ഞരാത്രി ഞാനൊരു സ്വപ്നത്തിൽ അവനെ നല്ല അവസ്ഥയിൽ കാണുകയുണ്ടായി. അവൻ സ്വർഗത്തിലെ ആരാമങ്ങളും അരുവികളും ചുറ്റി നടന്നുകൊണ്ട് എന്നോടു പറയുന്നു: താങ്ക ളും ഞങ്ങളുടെ അടുക്കൽ വരൂ. നമുക്ക് സ്വർഗ ത്തിൽ ഒന്നിച്ചു കഴിയാം. ഞാൻ എന്റെ നാഥന്റെ വാഗ്ദാനത്തെ സത്യമാണെന്ന് കണ്ടിരിക്കുന്നു. അല്ലാഹുവാണ! ഞാൻ സ്വർഗത്തിൽ അവന്റെ സാമീപ്യം ആഗ്രഹിക്കുന്നു. അതായത് അവിടെ പോയി അവനെ കാണാനാഗ്രഹിക്കുന്നു. അദ്ദേഹം നബി(സ)തിരുമേനിയോടു പറഞ്ഞു: എനിക്ക് ശഹാ ദത്ത് ലഭിക്കാനും സ്വർഗത്തിൽ അവന്റെ സാമീ പ്യം കിട്ടാനും അങ്ങ് ദുആ ചെയ്താലും. അങ്ങനെ നബി(സ)തിരുമേനി അദ്ദേഹത്തിനിവേണ്ടി ദുആ ചെയ്യുകയും അദ്ദേഹം ഉഹുദിൽ ശഹീദാകുകയും ചെയ്തു.(സുബുലുൽഹുദാ വർറശാദ്, വാള്യം 4, പേജ് 219, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (മുസ്തദർക്, വാള്യം 3 പേജ് 399, ഹദീഥ് 4929, കിതാബു മഅ്രിഫത്തുസ്സ്വഹാബ)

ഒരു നിവേദനത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ ശഹാദത്ത് വിവരണമുണ്ട്. ഒരു നിവേദ നത്തിൽ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ഉഹുദ് യുദ്ധത്തിന് പുറപ്പെടാൻ ആഗ്രഹിച്ച പ്പോൾ തന്റെ മകൻ ജാബിറിനെ വിളിച്ചുവരുത്തി അദ്ദേഹത്തൊടു പറഞ്ഞു: എന്റെ പ്രിയ പ്പെട്ടമകനേ! ഞാൻ പ്രഥമ ശുഹദാക്കളിൽ പെടുമെന്നാണ് കരു തുന്നത്. ഞാൻ അല്ലാഹുവിന്റെ റസൂലിനുശേഷം നിന്നെക്കാൾ പ്രിയപ്പെട്ടതായി മറ്റൊന്നും ഇവിടെ വിട്ടുപോകുന്നില്ല. അതായത് ഇഹലോകത്ത് ഈ വ്യക്തിത്വങ്ങളാണ് എനിക്ക് ഏറെ പ്രിയപ്പെട്ടത്. ആ ദ്യം നബി(സ)തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വം. അതിനുശേഷം എന്റെ മകനായ നീയും. എനിക്ക് അൽപം കടബാധ്യതയുണ്ട്. അത് എനിക്ക് വേണ്ടി നീ വീട്ടണം. നിന്റെ സഹോദരിമാരോടു നല്ല രീതി യിൽ പെരുമാറാൻ ഞാൻ നിന്നോടു വസ്വിയ്യത്ത് ചെയ്യുകയാണ്. അവരോടു നല്ല രീതിയിൽ പെരു മാറുക. അവരുടെ അവകാശങ്ങൾ ധ്വംസിക്കരുത്. ഹദ്റത്ത് ജാബിർ(റ) പറയുന്നു: അടുത്ത ദിവസം രാവിലെ എന്റെ പിതാവാണ് ഏറ്റവും ആദ്യം ശ ഹീദായത്. ശത്രുക്കൾ അദ്ദേഹത്തിന്റെ മൂക്കും കാതും മുറിച്ചിട്ടിരുന്നു.(ഉസദുൽഗാബ, വാള്യം 3, പേജ് 344, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് പറയു ന്നു:റസൂലുല്ലാഹി(സ)ഉഹുദിലെ ശുഹദാഇനെ മറ വടക്കാൻ വന്നപ്പോൾ പറഞ്ഞു: അവരെ അവരുടെ മുറിവോടുകൂടിത്തന്നെ കഫൻ ചെയ്യുക. കാരണം ഞാൻ അവർക്കുമേൽ സാക്ഷിയാകുന്നു. അല്ലാഹു വിന്റെ മാർഗത്തിൽ പരിക്കുപറ്റുകയും പിന്നെ ഖി യാമത്തുന്നാൾ രക്തമൊലിക്കുന്ന അവസ്ഥയിലും ഒരു മുസ്‌ലിമും വരുന്നതല്ല. അവരുടെ നിറം കുങ്കുമ നിറവും മണം കസ്തൂരിയുടേതുമായിരിക്കും. അതാ യത് അവർ പ്രീത ജനങ്ങളാകുന്നു. അവർ അല്ലാ ഹുവിന്റെ സവിധത്തിൽ ഹാജരാക്കപ്പെടുന്നതാണ്. അവരെ കുളിപ്പിക്കുകയോ കഫൻ ചെയ്യുകയോ വേണ്ടതില്ല. അവരുടെ വസ്ത്രംതന്നെ അവർക്ക് കഫൻ ആകുന്നു. ഹദ്റത്ത് ജാബിർ(റ)പറയു ന്നു:എന്റെ പിതാവിനെ ഒറ്റ പുതപ്പിലാണ് കഫൻ ചെയ്തത്. നബി(സ)തിരുമേനി ശുഹദാഇനെ മറ വടക്കുമ്പോൾ ആർക്കാണ് കൂടുതൽ ഖുർ ആൻ അറിയുക എന്ന് ചോദിച്ചിരുന്നു. ഇന്നയാൾ എന്ന് പറഞ്ഞ് ചൂണ്ടുമ്പോൾ, നബി(സ)തിരുമേനി അദ്ദേ ഹത്തെ അദ്ദേഹത്തിന്റെ കൂട്ടുകാർക്കു മുമ്പേ ഖബ റിൽ ഇറക്കുവിൻ എന്ന് പറഞ്ഞിരുന്നു. കാരണം ഇദ്ദേഹം ഖുർആൻ കൂടുതൽ അറിയുന്നയാളാണ്. അതുകൊണ്ട് ഇദ്ദേഹത്തെനബി(സ)തിരുമേനി ആ ദ്യം ഖബ്റടക്കിയിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറാണ് ഉഹുദു ദിവസം ഏറ്റവുമാദ്യം ശഹീദായത്. ഖബറടക്കം ചെയ്യുമ്പോൾ നബി(സ)തിരുമേനി പറഞ്ഞു: അ ബ്ദുല്ലാഹ് ബിൻ അംറിനേയും അംറ് ബിൻ ജ മൂഹിനേയും ഒരേ ഖബറിൽ അടക്കുക. കാരണം അവർ ഇഹലോകത്ത് പരസ്പരം ആത്മാർഥ സ് നേഹിതരായിരുന്നു.

അദ്ദേഹം പറയുന്നു: അബ്ദുല്ലാഹ് ബിൻ അംറ് ചെമന്ന നിറമുള്ളയാളായിരുന്നു. അദ്ദേഹത്തിന്റെ തലയുടെ മുൻവശത്ത് മുടിയില്ലായിരുന്നു. പൊക്കം അധികമില്ലായിരുന്നു. ഹദ്റത്ത് അംറ് ബിൻ ജമൂഹ് പൊക്കമുള്ളയാളായിരുന്നു. അങ്ങനെയാണ് അവ രെ രണ്ടുപേരെയും തിരിച്ചറിയാൻ കഴിഞ്ഞത്. രണ്ട് പേരെയും ഒരേ ഖബറിൽ തന്നെ മറവടക്കി.(അത്ത്വ ബഖാത്തുൽകുബ്റാ ഭാഗം 3, പേജ് 424, പ്രസാ ധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരി ക്കുന്നു: ഉഹുദുയുദ്ധ ദിവസം എന്റെ പിതാവിനെ നബി(സ)തിരുമേനിയുടെ മുന്നിൽ കൊണ്ടുവന്നു. അദ്ദേഹത്തിന്റെ മൃതദേഹം വികൃതമാക്കപ്പെട്ടിരുന്നു. അതായത് ശരീരാവയവങ്ങൾ ഛേദിക്കപ്പെട്ടിരുന്നു. പ്രത്യേകിച്ചും കാതും മൂക്കും. അദ്ദേഹത്തിന്റെ മൃ തദേഹം നബി(സ)തിരുമേനിയുടെ മുന്നിൽവച്ചു. അദ്ദേഹം പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ മുഖ ത്തുനിന്ന് തുണിമാറ്റാൻ തുനിഞ്ഞപ്പോൾ ആളുക ളെന്നെ തടയുകയുണ്ടായി. ആളുകൾ ഒരു സ്ത്രീ കരയുന്നതായി കേട്ടു. അത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ മകളാണെന്ന് ആരോ പറഞ്ഞു. അ വരുടെ പേര് ഫാത്വിമ ബിൻത് അംറ് എന്നായിരുന്നു. അതേസമയം അത് അദ്ദേഹത്തിന്റെ സഹോദരിയാ ണെന്നും പറയപ്പെടുന്നുണ്ട്. നബി(സ)തിരുമേനി പറഞ്ഞു: കരയാതിരിക്കൂ. മലക്കുകൾ അദ്ദേഹത്തി ന്റെ മീതെ തങ്ങളുടെ ചിറകുകൾകൊണ്ട് തണൽ വിരിച്ചിരിക്കുകയാണ്.(അൽഇസ്തീആബ്, ഭാഗം 3, പേജ് 954-955, ദാറുൽജീൽ ബെയ്റുത്ത്)അദ്ദേഹം സ്വർഗത്തിൽ പോയിരിക്കുന്നു. അദ്ദേഹം സൗഭാ ഗ്യവാനാകുന്നു. അദ്ദേഹത്തിന് വേണ്ടി കരയേണ്ട ആവശ്യമില്ല.

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റളിയല്ലാഹു അൻഹുമാ) പറയു ന്നു: എന്റെ പിതാവിനെ ഉഹുദു ദിവസം കൊണ്ടുവ ന്നപ്പോൾ എന്റെ മാതൃസഹോദരി കരയാൻ തുടങ്ങി. അപ്പോൾ ഞാനും കരയാൻ തുടങ്ങി. ആളുകൾ എന്നെ വിലക്കിയെങ്കിലും നബി(സ)തിരുമേനി എന്നെ വിലക്കുകയുണ്ടായില്ല. തുടർന്ന് നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ കരഞ്ഞാലും ഇല്ലെ ങ്കിലും അദ്ദേഹത്തിന് ഒന്നും സംഭവിക്കാനില്ല. അല്ലാഹുവാണ!നിങ്ങൾ അദ്ദേഹത്തെ ഖബ്റടക്കം ചെയ്യുന്നതു വരെയും മലക്കുകൾ തുടർച്ചയായി തങ്ങളുടെ ചിറകുകൾ വിരിച്ച് തണൽ നല്കുക യായിരുന്നു.(അൽഇസ്തീആബ്, ഭാഗം 3, പേജ് 956, ദാറുൽജീൽ ബെയ്റുത്ത്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)സൂറ ബക്കറയിലെ ഒരു ആയത്ത് വിശദീകരിച്ചുകൊണ്ട് പറയുന്നു: അല്ലാഹു പറയുന്നു: ശഹീദാകുന്ന മുസ് ലിമീങ്ങളെ നിങ്ങൾ മരിച്ചവരെന്ന് പറയരുത്. അവർ അല്ലാഹുവിന്റെ ജീവിച്ചിരിക്കുന്ന പട്ടാളക്കാരാകു ന്നു. അല്ലാഹു അവർക്ക് തീർച്ചയായും പ്രതിഫ

ലം നല്കുന്നതാണ്. അദ്ദേഹം തുടർന്ന് പറയുന്നു: നോക്കുക! ഒരു സ്വഹാബി കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ അതിനു മുന്നിൽ മുശ്‌രികീങ്ങളുടെ അഞ്ചുവീതമാളുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഉഹുദ് യുദ്ധത്തിലൊഴികെ മറ്റെല്ലാ യുദ്ധത്തിലും കാഫിരീങ്ങൾ മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ കൊല്ലപ്പെട്ടിട്ടുണ്ട്. പക്ഷേ, അല്ലാഹു മറ്റു യുദ്ധങ്ങളിൽ ഉഹുദിന് പകരം ചോദിക്കുകയും ചെയ്തിട്ടുണ്ട്.(തഫ്സീറെ കബീർ വാള്യം 2, പേജ് 288, 2004 പതിപ്പ്)

ഉഹുദ് യുദ്ധത്തിനുശേഷം നബി(സ)തിരുമേനി ക്ഷീണം കാരണം ഇരുന്നിട്ടാണ് നമസ്കരിച്ചത്. നബി(സ)തിരുമേനി ഇരുന്ന് നമസ്കരിച്ചിരുന്നതുകൊണ്ട് സ്വഹാബാക്കളും നബി(സ)തിരുമേനിയുടെ പിന്നിലിരുന്നുകൊണ്ടാണ് നമസ്കരിച്ചത്. പിന്നിലാരും നില്ക്കുകയുണ്ടായില്ല. ഗ്രന്ഥകാരൻ എഴുതുന്നു: ഒരുപക്ഷേ, ഈ നമസ്കാരം ശത്രുക്കൾ തിരിച്ചുപോയതിനു ശേഷമായിരിക്കും അനുഷ്ഠിച്ചത്. സ്വഹാബാക്കളിരുന്ന് നമസ്കരിച്ചത് സംബന്ധിച്ചാണെങ്കിൽ അവർ അങ്ങനെ ചെയ്യാൻ കാരണം ഇമാമും മഅ്മൂമികളും തമ്മിൽ ഒരു ഐക്യം ഉണ്ടാകാൻ വേണ്ടിയായിരിക്കും. പിന്നീട് ഈ കൽപ്പന കാലഹരണപ്പെടുകയുണ്ടായി. അതായത് ഇത് നിർബന്ധമല്ല. മഅ്മൂമിങ്ങൾക്ക് നിന്ന് നമസ്കരിക്കാവുന്നതാണ്. അതല്ലെങ്കിൽ മറ്റൊരു കാര്യം അനുമാനിക്കാവുന്നതിനെപറ്റി എഴുതുന്നയാൾ പറയുന്നു:ഇരുന്ന് നമസ്കരിച്ചവരെല്ലാം പരിക്കുപറ്റിയവരായിരിക്കും. ഭൂരിഭാഗം സ്വഹാബാക്കളും പരിക്കു പറ്റിയവരായിരുന്നു. അതുകൊണ്ട് അവർ ഇരുന്ന് നമസ്കരിച്ചു. അതുകൊണ്ട് മുസ്‌ലിമീങ്ങൾ ഇരുന്ന് നമസ്കരിച്ചുവെന്ന് എഴുതപ്പെടുകയായിരുന്നു. അതായത് നിന്ന് നമസ്കരിച്ചവരും അവരിലു ഉണ്ടായിരുന്നു. അത് പരിക്ക് പറ്റാത്തവരായിരുന്നു. അത്തരം ആളുകളുടെ എണ്ണം വളരെ കുറവായിരുന്നു. ഭൂരിഭാഗവും പരിക്കേറ്റവരായിരുന്നു. അതുകൊണ്ട് ഭൂരിപക്ഷത്തെ കണക്കാക്കികൊണ്ട് എല്ലാ മഅ്മൂമീങ്ങളെ പറ്റിയും അവർ ഇരുന്ന് നമസ്കരിച്ചു എന്ന് പറയുകയാണുണ്ടാത്. ഇത് സീറത്ത് ഹൽബിയായിൽനിന്നുള്ള ഉദ്ധരണിയാകുന്നു.(സീറത്തുൽഹൽബിയ, വാള്യം 2, പേജ് 324, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(സീറത്തുൽ ഹൽബിയ്യ മുത്തർറജിം വാള്യം 2, പേജ് 185, ദാറുൽഇശാഅത്ത് കറാച്ചി)

ഉഹുദിലെ ശഹീദുമാരുടെ എണ്ണത്തെപറ്റിയും പരാമർശമുണ്ട്. ഉഹുദുയുദ്ധത്തിലെ മുസ്‌ലിം ശുഹദാഇന്റെ എണ്ണത്തെപറ്റി ഭൂരിഭാഗം പണ്ഡിതന്മാരും പറയുന്നത്, ആ ദിവസം വധിക്കപ്പെട്ടവരുടെ എണ്ണം 70 ആയിരുന്നുവെന്നാണ്. അതിൽ 4 മുഹാജിരീങ്ങളുമുണ്ട്. ഹദ്റത്ത് ഹംസ, ഹദ്റത്ത് മുസ്വ് അബ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ്, ഹദ്റത്ത് ശമ്മാസ് ബിൻ ഉഥ്മാൻ. മറ്റൊരു നിവേദനത്തിൽ ഉഹുദിലെ ശുഹദാഇന്റെ എണ്ണം 80 ആയിരുന്നുവെന്ന് പറയുന്നു. അതിൽ 74 അൻസ്വാറും 6 മുഹാജിരീങ്ങളുമായിരുന്നുവെന്ന് പറയുന്നു.

അല്ലാമ ഇബ്നു ഹജ്ർ അസ്ഖലാനി പറയുന്നു: 6 മുഹാജിരീങ്ങൾ ശഹീദായിട്ടുണ്ടെങ്കിൽ 5- ാമത്തേത് ഹാത്വിബ് ബിൻ ബൽതഅയുടെ അടിമ സഅ്ദും ആറാമത്തേത് ഥഖീഫ് ബിൻ അംറും ആയിരുന്നു. ഇവർ ബനൂ അബ്ദുശംസിന്റെ സഖ്യകക്ഷിക്കാരായിരുന്നു.

ഒരു ഗ്രന്ഥമുണ്ട് ഉയൂനുൽ അഥ്ർ. ഇതിൽ ശുഹദാഇന്റെ എണ്ണം 96 ആണെന്ന് പറയുന്നു. മുശ്‌രികീങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം 23 ആയിരുന്നു. ഒരു നിവേദനത്തിൽ 22 മുശ്‌രികീങ്ങളെന്നും വന്നിട്ടുണ്ട്. വേറൊരു നിവേദനത്തിൽ പറയുന്നു: ഈ യുദ്ധത്തിൽ ഹദ്റത്ത് ഹംസ(റ) ഒറ്റക്ക് 31 മുശ്‌രികീങ്ങളെ വധിക്കുകയുണ്ടായി.(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 346-347, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ഉയൂനുൽ അഥ്ർ, വാള്യം 2, പേജ് 47, പ്രസാധനം ദാറു ഇബ്നു കഥീർ, ബെയ്റുത്ത്)

ഈ നിവേദനം ശരിയാണെന്ന് തോന്നുന്നില്ല. കാരണം അവരിൽ മരണപ്പെട്ടവരുടെ മൊത്തം എണ്ണം 23 മാത്രമായിരുന്നു. ഒരു ചരിത്രകാരൻ ഉഹുദിലെ ശുഹദാഇന്റെ എണ്ണത്തെപറ്റി എഴുതുന്നു: ഉഹുദ് യുദ്ധത്തിൽ കാഫിരീങ്ങളുടെ കൈകളാൽ ശഹാദത്തിന്റെ ഭാഗ്യം വരിച്ച സ്വഹാബാക്കളുടെ എണ്ണത്തെപറ്റി വ്യത്യസ്ത നിവേദനങ്ങളുണ്ട്. ചരിത്രകാരന്മാരും ജീവചരിത്രാരന്മാരും ആദരണീയരായ ഹദീഥുപണ്ഡിതന്മാരുമെല്ലാം ഉഹുദിലെ ശുഹദാക്കളുടെ എണ്ണം 49 മുതൽ 108വരെയാണെന്ന് പറയുന്നു. എന്നാൽ, ഭൂരിഭാഗമാളുകളും ഉഹുദ് ദിവസം 70 സ്വഹാബിമാർ ശഹീദായെന്നാണ് പറയുന്നത്.(ദാഇറയെ മആരിഫ്, സീറത്തു മുഹമ്മദു റസൂലുല്ലാഹ്(സ), വാള്യം 7, പേജ് 39-40)

ഉഹുദ് യുദ്ധത്തിലെ ശുഹദാഇന്റെ ജനാസ നമസ്കാരത്തെയും ഖബ്റടക്കിയതിനെയും സംബന്ധിച്ചും പരാമർശങ്ങളുണ്ട്. ഉഹുദുയുദ്ധത്തിലെ ശുഹദാഇന്റെ ജനാസ നമസ്കാരത്തെ പറ്റി വ്യത്യസ്ത നിവേദനങ്ങളുണ്ട്. സ്വഹീഹ് ബുഖാരിയിലുള്ള നിവേദനത്തിലുണ്ട്: ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് (റ)നിവേദനം. നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിൽ കൊല്ലപ്പെട്ട ഈരണ്ടുപേരെ ഒരുമിച്ച് ഒരു വസ്ത്രത്തിൽ കഫൻ ചെയ്തിരുന്നു. അവിടന്ന് ചോദിക്കും: ഇവരിൽ അധികം ഖുർആൻ മനഃപാഠമാക്കിയ ആളാരാണ്? അവരിൽ ഖുർആൻ മനഃപാഠമാക്കിയത് ഇന്നയാളാണെന്ന് നബി(സ)തിരുമേനിയോടു ചൂണ്ടിക്കാണിച്ചാൽ അദ്ദേഹത്തെ ആദ്യം ഖബ്റിൽ വെക്കും. അവിടന്ന് പറയും:പരലോകദിവസം ഇവർക്കുവേണ്ടി ഞാൻ സാക്ഷി നിൽക്കും. യുദ്ധത്തിൽ വധിക്കപ്പെട്ടവരെ അവരുടെ രക്തത്തോടുകൂടിത്തന്നെ ഖബ്റടക്കം ചെയ്യാൻ അവിടന്ന് കൽപ്പിക്കും. അവരെ കുളിപ്പിക്കുകയോ അവരുടെപേരിൽ മയ്യിത്ത് നമസ്കരിക്കുകയോ ചെയ്തിരുന്നില്ല.(സ്വഹീഹ് ബുഖാരി, കിതാബുൽജനാഇസ്, ബാബു അസ്സ്വലാത്തു അലശ്ശഹീദി, ഹദീഥ് 1343)

സ്വഹീഹ് ബുഖാരിയിലെ മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ നിവേദനം. ഒരു ദിവസം നബി(സ)തിരുമേനി വന്നു. ഉഹുദിലെ രക്തസാക്ഷികളുടെപേരിൽ സാധാരണ മയ്യിത്ത് നമസ്കരിക്കുന്നതുപോലെ നമസ്കരിച്ചു.

ബുഖാരിയിലെ വേറൊരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി ഉഹുദിലെ ശുഹദാഇന്റെ ജനാസ, യുദ്ധത്തിന് 8 വർഷത്തിനുശേഷമാണ് നമസ്കരിച്ചത്.(സ്വഹീഹ് ബുഖാരി, കിതാബുൽ ജനാഇസ്, ബാബു അസ്സ്വലാത്തു അലശ്ശഹീദി, ഹദീഥ് 1344)(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി , ബാബി ഗസ്‌വത്തു ഉഹുദ് ഹദീഥ് 4042)

ഇവിടെ വിവിധ നിവേദനങ്ങളുണ്ട്. വിവിധകാലങ്ങളിൽ മുന്നിൽ വന്നിട്ടുള്ള കാര്യങ്ങൾ നിവേദകന്മാർ അവതരിപ്പിച്ചിരിക്കുന്നു. അത് അവതരിപ്പിക്കപ്പെട്ടു. പക്ഷേ, ആ നേരത്ത് ജനാസ നമസ്കരിച്ചിരുന്നില്ലെന്നാണ് തോന്നുന്നത്. പിന്നീട് ഏതോ നേരത്താണ് നമസ്കരിച്ചിട്ടുള്ളത്.

സുനൻ ഇബ്നു മാജയിൽ വിവരിക്കുന്നു:ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. ഉഹുദ് യുദ്ധത്തിലെ ശഹീദുമാരെ നബി(സ)തിരുമേനിയുടെ സവിധത്തിൽ കൊണ്ടുവരികയും നബി(സ)തിരുമേനി 10 വീതം ശഹീദുമാരുടെ ജനാസ നമസ്കരിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് ഹംസയുടെ ജനാസ നബി(സ)തിരുമേനിയുടെ അടുക്കൽത്തന്നെ ഉണ്ടായിരുന്നു. അതേസമയം മറ്റു ശഹീദുമാരെ എടുത്തു കൊണ്ടുപോകുകയും ചെയ്തിരുന്നു. (സുനൻ ഇബ്നുമാജ, കിതാബുൽജനാഇസ്, ബാബു മാ ജാഅ ഫിസ്സ്വലാത്തി അലശ്ശുഹദാഇ, ഹദീഥ് 1513) ഒരുപക്ഷേ, ഇക്കാര്യത്തിലും തെറ്റുധാരണയുണ്ടായതായിരിക്കും.

സുനൻ അബൂദാവൂദിൽ വന്ന നിവേദനത്തിൽ ഹദ്റത്ത് അനസ് ബിൻ മാലിക്(റ) പറയുന്നു: ഉഹുദ് യുദ്ധത്തിലെ ശഹീദുമാരെ കുളിപ്പിച്ചിരുന്നില്ല. അവരെ രക്തത്തോടുകൂടി അതായത് മുറിവകളോടുകൂടിത്തന്നെ ഖബ്റടക്കുകയാണുണ്ടായത്. അവരിൽ ആരുടെയും ജനാസയും നമസ്കരിച്ചിരുന്നില്ല.(സുനൻ അബീദാവൂദ്, കിതാബുൽ ജനാഇസ്, ബാബു ഫിശ്ശഹീദി യഗ്സിലു? ഹദീഥ് 3135)

സുനൻ അബൂദാവൂദിൽ തന്നെയുള്ള മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അനസ്(റ) പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് ഹംസയുടേതല്ലാത്ത മറ്റൊരു ശഹീദിന്റെയും ജനാസ നമസ്കരിച്ചിട്ടില്ല. (സുനൻ അബീദാവൂദ്, കിതാബുൽ ജനാഇസ്, ബാബു ഫിശ്ശഹീദി യഗ്സിലു? ഹദീഥ് 3137)

സുനൻ തുർമിദിയിൽ ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ(റ)നിവേദനത്തലുണ്ട്: നബി(സ)തിരുമേനി ഉഹുദ് യുദ്ധത്തിലെ ശുഹദാഇന്റെ ജനാസ നമസ്കരിക്കുകയുണ്ടായില്ല.(സുനൻ തുർമിദി, കിതാബുൽ ജനാഇസ്, ഹദീഥ് 1016)

ഭൂരിഭാഗമാളുകളും (ജനാസ) നമസ്കരിച്ചിട്ടില്ലെന്നാണ് പറയുന്നത്. സീറത്ത് ഇബ്നു ഹിശാമിലും സീറത്ത് ഹൽബിയയിലും എഴുതിയിരിക്കുന്നു: നബി(സ)തിരുമേനി ഉഹുദിലെ ശഹീദുമാരിൽ ഏറ്റവുമാ ദ്യം ഹദ്റത്ത് ഹംസയുടെ ജനാസ നമസ്കരിച്ചു. നബി(സ)തിരുമേനി ഈ ജനാസയിൽ 7 തക്ബീർ ചൊല്ലുകയുണ്ടായി. സീറത്ത് ഹൽബിയയുടെ വിവരണമനുസരിച്ച് 4 തക്ബീറുകളാണ് ചൊല്ലിയത്. ബാക്കി ശഹീദുമാരെ ഓരോരുത്തരായി കൊണ്ടുവരികയും ഹദ്റത്ത് ഹംസയുടെ മയ്യിത്തിനടുത്തുവച്ച് നബി(സ)തിരുമേനി ഇരുവർക്കുമായി ജനാസ നമസ്കരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ എല്ലാ ശഹീദുമാരുടെയും ജനാസ ഒരു തവണയും ഹദ്റത്ത് ഹംസയുടെ ജനാസ 72 തവണയും, മറ്റു ചിലരുടെ വീക്ഷണത്തിൽ 92 തവണയും നമക്സരിക്കുകയുണ്ടായി.(സീറത്ത് ഇബ്നു ഹിശാം പേജ് 395-396, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 337, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്). ഏതായാലും ഈ എല്ലാ നിവേദനങ്ങളും എഴുതിയിട്ടുണ്ട്. ഇതിൽ പലതും ദുർബലമാണ്.

ചരിത്ര ഗ്രന്ഥമായ ദലാഇലുന്നുബുവ്വത്തിൽഎഴുതുന്നു: ഹദ്റത്ത് ഹംസയുടെ മയ്യിത്തിനു സമീപം 9 ശഹീദുമാരെ വീതം ഒരുമിച്ചുകൊണ്ടുവരികയും അവരുടെ ജനാസ നമസ്കരിക്കുകയുമാണ് ചെയ്തത്. പിന്നെ പ്രസ്തുത 9 പേരെ മാറ്റുകയും വേറെ 9 ശഹീദുമാരെ കൊണ്ടുവരികയും ചെയ്തിരുന്നു. ഇങ്ങനെ എല്ലാ ശഹീദുമാരുടെയും ജനാസ നമസ്കരിക്കുകയുണ്ടായി. ഓരോ തവണയും നബി(സ) തിരുമേനി 7 വീതം തക്ബീർ ചൊല്ലുകയുണ്ടായി. (ദലാഇലുന്നുബുവ്വത്തി, ഭാഗം 3, പേജ് 287, പ്രസാധനം ദാറുർറയ്യാൻ ഖാഹിറ 1988)

സീറത്തു ഹൽബയ്യയിലും, ദലാഇലുന്നുബുവ്വത്തിലും ഉഹുദ് യുദ്ധത്തിലെ ശഹീദുമാരുടെ ജനാസയെ

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**• കലാമുൽ ഇമാം •**

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ. 825)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

സംബന്ധിച്ചു ഹദീഥുകളെപറ്റി ചർച്ചചെയ്തിട്ടുണ്ട്. രണ്ടു ഗ്രന്ഥങ്ങളിലും ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാ(റ)യുടെ നിവേദനമുണ്ട്. അതായത് നബി(സ) തിരുമേനി ഉഹുദ് യുദ്ധത്തിലെ ശഹീദുമാരെ അവരുടെ രക്തത്തോടുകൂടിത്തന്നെ ഖബ്റടക്കാനാണ് കല്പന നല്കിയത്. അവരെ കുളിപ്പിക്കുകയോ അവരുടെ ജനാസ നമസ്കരിക്കുകയോ ചെയ്യുകയുണ്ടായില്ല. ഇത് കൂടുതൽ പ്രബലമായ നിവേദനമാകുന്നു.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 338, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (ദലാഇലുന്നുബുവ്വത്തി, ഭാഗം 3, പേജ് 287-288 പ്രസാധാനം ദാറുർറയ്യാൻ ഖാഹിറ 1988)

അവരുടെ ജനാസ നമസ്കരിച്ചിരുന്നില്ലെന്ന കാര്യം തന്നെയാണ് ഒടുവിൽ വ്യക്തമാകുന്നത്.

ഹദ്റത്ത് ഇമാം ശാഫി(റഹ്) വിവരിക്കുന്നു: നിരന്തരമായ നിവേദനങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമായി മനസിലാകുന്നതെന്തെന്നാൽ, നബി(സ) തിരുമേനി ഉഹുദ് യുദ്ധത്തിലെ ശഹീദുമാരുടെ ജനാസ നമസ്കരിക്കുകയുണ്ടായില്ലെന്നാണ്. അവിടന്ന് ശഹീദുമാരുടെ ജനാസ നമസ്കരിച്ചുവെന്നും ഹദ്റത്ത് ഹംസയുടെ ജനാസക്ക് 70 തക്ബീർ ചൊല്ലിയെന്നും പറയുന്ന നിവേദനങ്ങൾ ശരിയല്ല. ഉഖ്ബ ബിൻ ആമിറിന്റെ നിവേദനത്തെ പറ്റി പറയുകയാണെങ്കിൽ അതിൽ പറയുന്നത് നബി(സ) തിരുമേനി 8 വർഷത്തിനുശേഷം അവരുടെ ജനാസ നമസ്കരിക്കുകയുണ്ടായെന്നാണ്. ഈ നിവേദനത്തിൽ 8 വർഷത്തിനുശേഷമാണ് ഈ സംഭവം എന്ന് പറയുന്നുണ്ട്. 8 വർഷത്തിനുശേഷമാണെന്നും തൽസമയം അല്ലെന്നും എഴുതിയിരിക്കുന്നു. ഇദ്ദേഹം ആ നേരത്തുണ്ടായിരുന്നില്ല.

ഇമാം ബുഖാരി തന്റെ ഗ്രന്ഥത്തിൽ ബാബു അസ്സ്വലാത്തു അലശ്ശഹീദ് (ശുഹദാക്കളുടെ ജനാസ നമസ്കാരം) എന്ന പേരിൽ ഒരു അധ്യായം ചേർത്തിട്ടുണ്ട്. അതിന് കീഴിൽ കേവലം 2 ഹദീഥുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആദ്യത്തെ ഹദീഥ് ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായിൽനിന്നുള്ള നിവേദനമാ ണ്. ഇതിൽ വ്യക്തമായും പറയുന്നത് ഉഹുദ് യുദ്ധത്തിലെ ശഹീദുമാരെ കുളിപ്പിക്കുകയോ അവരുടെ ജനാസ നമസ്കരിക്കുകയോ ചെയ്തിട്ടില്ലെന്നാണ്.

രണ്ടാമത്തെ ഹദീഥ് ഹദ്റത്ത് ഉഖ്ബ ബിൻ ആമിറിന്റെ നിവേദനമാണ്. അതിൽ അദ്ദേഹം വിവരിക്കുന്നു: അന്നന്നബിയ്യ ഖറജ യൗമിൻ ഫസ്വല്ലാ അലാ അഹ്‌ലി ഉഹുദിൻ സ്വലാത്തഹൂ അലൽ മയ്യിത്തി

ഒരു ദിവസം നബി(സ)തിരുമേനി പുറപ്പെടുകയും ഉഹുദിലെ ശുഹദാഇനുവേണ്ടി ജനാസ നമസ്കാരം പോലെതന്നെ നമസ്കരിക്കുകയും ചെയ്തു. ഇതേ ഹദീഥ് ബുഖാരിയിലുമുണ്ട്. ഇതുതന്നെ മറ്റൊരിടത്ത് ഉഹുദ് യുദ്ധത്തിന്റെ അധ്യായത്തിലും വന്നിട്ടുണ്ട്. അവിടെയും ഇതേ സ്വഹാബി നിവേദനം ചെയ്യൂന്നു: സ്വല്ലാ റസൂലുല്ലാഹി അലാ ഖത്‌ലാ ഉഹുദിൻ ബഅ്ദ ഥമാനിയ്യ സിനീന കൽമുവദ്ദിയി ലിൽ അഹ്‌യായി വൽഅംവാത്തി

അതായത് നബി(സ)തിരുമേനി ഉഹുദിലെ ശഹീദുമാർക്കുവേണ്ടി 8 വർഷത്തിനുശേഷം ജീവിച്ചിരിക്കുന്നവർക്കോ മരിച്ചവർക്കോ വിട നല്കുന്നതു പോലെ നമസ്കരിക്കുകയുണ്ടായി.

ഇപ്രകാരം അല്ലാമ ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: മരിച്ചർക്കുവേണ്ടി ഒരു നീണ്ട കാലശേഷം ഖബ്റിൽ ജനാസ നമസ്കരിക്കാറില്ലെന്നതാണ് ഇമാം ശാഫി ഉദ്ദേശിച്ചത്. ഇമാം ശാഫിയുടെ അഭിപ്രായത്തിൽ നബി(സ)തിരുമേനിയുടെ മരണ സമയം സമീപസ്ഥമായപ്പോൾ അവിടന്ന് ഈ ശഹീദുമാരുടെ ഖബ്റുകളിൽ പോയി അവർക്കു വിട നല്കിക്കൊണ്ട് അവർക്കുവേണ്ടി ദുആ ചെയ്യുകയും പാപപ്പൊറുതി യാചിക്കുകയും ചെയ്തു.(ഫതഹുൽബാരി ശറഹ് സ്വഹീഹ് ബുഖാരി, വാള്യം 4, പേജ് 248-249, കിതാബുൽ ജനാഇസ്, പ്രസാധകർ ദാറുർറയ്യാൻ ഖാഹിറ 1986)(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു ഗസ്‌വത്തു ഉഹുദ്, ഹദീഥ് 4042)

ജമാഅത്തിന്റെ നിലപാടും ഇതുതന്നെയാകുന്നു. അത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതിയിട്ടുണ്ട്. അതായത് ആ സമയത്ത് ജനാസ നമസ്കരിക്കുകയുണ്ടായില്ല. അത് വ്യക്തമാണ്. നിവേദനങ്ങൾ ഉഹുദിലെ ശുഹദാഇന്റെ ജനാസ നമസ്കരിച്ചിട്ടില്ലെന്നതിന് അനുഗുണമാണ്. ജനാസ നമസ്കരിച്ചിട്ടില്ലെന്ന് തന്നെയാണ് അദ്ദേഹവും എഴുതിയിട്ടുള്ളത്. എന്നാൽ, പിന്നീട് നബി (സ)തിരുമേനി തന്റെ വഫാത്ത് അടുത്തെത്തിയപ്പോൾ പ്രത്യേകമായി ഉഹുദിലെ ശുഹദാഇന്റെ ജനാസ നമസ്കരിക്കുകയും വേദനാനിർഭരമായി ദുആ ചെയ്യുകയുമുണ്ടായി. ഇനിയും ഇതേ കുറിച്ച് കുറച്ചു കാര്യങ്ങൾ കൂടിയുണ്ട്. ബാക്കി ഇൻശാ അല്ലാഹ് പിന്നീട്.

ലോകത്തിന്റെ അവസ്ഥയെ പറ്റിയും കുറച്ചുകാര്യങ്ങൾ പറയാം. യുദ്ധത്തിന്റെ അഗ്നി ഇപ്പോൾ പരന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യകുലത്തെ നാശത്തിൽനിന്ന് രക്ഷിക്കാൻ ഒരുപാട് ദുആകൾ ചെയ്യേണ്ടത് നിർബന്ധമാകുന്നു. അഹ്മദികൾക്കു മാത്രമേ ശരിയായ രീതിയിൽ ദുആ ചെയ്തുകൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ.

ഇസ്റാഈൽ സർക്കാർ തങ്ങളുടെ ദുശ്ശാഠ്യത്തിൽ ഉറച്ചു നില്ക്കുകയാണ്. ഓരോ കാര്യത്തിലും അവരെന്തെങ്കിലും കാരണം കണ്ടെത്തി, ഇന്നതുകൊണ്ടാണ് സംഭവിച്ചത്, ഇന്ന കാരണം കൊണ്ടാണ് ഞങ്ങൾ ഇങ്ങനെ ചെയ്തത് എന്നെല്ലാം ഒഴികഴിവ് പറയുകയാണ്. അവരുടെ ഒരു കാര്യത്തേയും ഒരു ബുദ്ധിക്കും അംഗീകരിക്കാൻ കഴിയുകയില്ല.

ലോകത്തിലെ മറ്റു ശക്തരായ ഭരണകൂടങ്ങൾക്ക് തങ്ങളുടെ ഇഷ്ടം പോലെയാണ് അല്ലെങ്കിൽ അവർക്കും ഇസ്റാഈലിനെ ഭയമാണ്. ഇസ്റാഈൽ പ്രധാനമന്ത്രിയോ, സർക്കാറോ നല്കുന്ന പ്രസ്താവനക്ക് അനുസൃതമായിട്ടാണ് ഇവർ പ്രസ്താവന ഇറക്കുന്നത്. യുദ്ധം അവസാനിപ്പിക്കണമെന്നും അക്രമം നിറുത്തണമെന്നും അവർ പറയുന്നുണ്ട്. എന്നാൽ, പിന്നീട് അവരുടെ പ്രസ്താവനകൾ വരുമ്പോൾ അവരുടെ കൂടെ ചേരുകയും ചെയ്യുന്നു.

അല്ലാഹു മുസ്‌ലിമീങ്ങൾക്കുമേൽ കരുണ ചൊരിയുമാറാകട്ടെ. അവരെയും അല്ലാഹുവിലേക്ക് കുനിയുന്നവരാക്കട്ടെ. ഈയൊരു മാർഗം മാത്രമേയുള്ളൂ. അവന്റെ അഭയത്തിൽ വന്നാൽ മാത്രമേ ഇവർക്ക് തങ്ങളുടെ ഇഹപരലോകങ്ങൾ നന്നാക്കാൻ കഴിയുകയുള്ളൂ. അല്ലാഹു കരുണചൊരിയുമാറാകട്ടെ. നമുക്കും ദുആ ചെയ്യാൻ തഫീഖ് നല്കുമാറാകട്ടെ നമുക്കുമേലും കരുണ ചൊരിയുമാറാകട്ടെ. (വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി)

**( പേജ് 1 ൽനിന്ന്)**

ല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹനാകാനാണ്? എന്നാൽ, റമളാൻ വരികയും അതുവന്നാൽ താൻ നോമ്പുപിടിക്കുമെന്ന സന്തോഷത്തിലിരിക്കുകയും ചെയ്തിരുന്ന വ്യക്തി പക്ഷേ, നോമ്പു വന്നപ്പോൾ രോഗം കാരണത്താൽ നോമ്പുപിടിക്കാൻ സാധിക്കാതെ വരികയും ചെയ്താൽ അയാൾ ആകാശത്ത് നോമ്പുപിടിക്കാത്ത ആളല്ല. ഈ ലോകത്ത് തന്ത്രംമെനഞ്ഞുനടക്കുന്ന ധാരാളമാളുകളുണ്ട്, തങ്ങൾ ലോകരെ വഞ്ചിക്കുന്നതുപോലെ അല്ലാഹുവിനേയും വഞ്ചിക്കുന്നുവെന്നാണ് അവർ കരുതുന്നത്. തന്ത്രം മെനയുന്നവർ സ്വയം ദീനിപരമായ കാര്യങ്ങൾ മുറിച്ചുനീക്കുകയാണ് ചെയ്യുന്നത്. വെറും ജാടകൾ ചേർത്ത് ആ മസ്അലകൾ ശരിയാണെന്ന് വരുത്തിത്തീർക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ പക്കൽ അത് ശരിയല്ല. ജാടകളുടെ വാതിൽ വളരെ വിശാലമാണ്. മനുഷ്യനാഗ്രഹിക്കുകയാണെങ്കിൽ അതു (ജാട) കാരണത്താൽ ജിവിതം മുഴുവൻ ഇരുന്ന് നമസ്കരിക്കുന്നതാണ്. റമളാനിലെ നോമ്പു ഒന്നുപോലും പിടിക്കുകയില്ല. എന്നാൽ, സത്യസന്ധതയും ആത്മാർഥതയുമുള്ളവന്റെ നിയ്യത്തും ഉദ്ദേശ്യവും അല്ലാഹു അറിയുന്നു. അവന്റെ മനസ്സിൽ വേദനയുണ്ടെന്ന് അല്ലാഹു അറിയുന്നു. അല്ലാഹു അവന് പ്രതിഫലത്തെക്കാൾ കൂടുതൽ കൊടുക്കുന്നു. കാരണം വേദനിക്കുന്ന മനസ്സ് മൂല്യാർഹമായ വസ്തുവാണ്. തന്ത്രങ്ങൾ, അത് മനുഷ്യൻ വ്യാഖ്യാനങ്ങളുടെമേൽ തലയിണവെക്കുകയാണ് ചെയ്യുന്നത്. പക്ഷേ, അല്ലാഹുവിന്റെ പക്കൽ ഈ തലയണ ഒരു വസ്തുവുമല്ല. ഞാൻ ആറുമാസം നോമ്പുനോറ്റപ്പോൾ നബിമാരുടെ ഒരു ഉപഹാരം(കശ്ഫിൽ)എനിക്കുകിട്ടി. അവർ ചോദിച്ചു, നീ എന്തിനാണ് നിന്റെ ആത്മാവിനെ ഇത്രമാത്രം ബുദ്ധിമുട്ടിലിട്ടിരിക്കുന്നത്? അതിൽനിന്ന് പുറത്തു വരിക!ഇപ്രകാരം മനുഷ്യൻ അല്ലാഹുവിനുവേണ്ടി തന്നെ കഷ്ടപ്പാടിലകപ്പെടുത്തുമ്പോൾ അവൻ സ്വയമേവ മാതാപിതാവിനെപ്പോലെ കരുണചെയ്ത് അവനോടു ചോദിക്കുന്നു:നീ എന്തിനാണ് പ്രയാസത്തിൽ കിടക്കുന്നത്?(മൽഫൂദാത്ത് വാള്യം 2, പേജ് 563)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ**
**670 303.**
**ismayeel.ha@gmail.com**

AL ISLAM

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

## ഖുത്ബ് ജുമുഅ

●ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ 52 വർഷക്കാല ഖിലാഫത്ത് കാലഘട്ടത്തിലെ ഓരോ ദിവസവും ഈ പ്രവചനം പുലർന്നതിന്റെ തേജോവിലാസം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

●'മുസ്‌ലിം സമുദായത്തിന് നന്മയുടേയും മേന്മയുടേയും പ്രശ്നം എവിടെയുണ്ടായാലും അദ്ദേഹത്തിന്റെ പ്രവർത്തനക്ഷമമായ അഭിപ്രായങ്ങൾ ഞങ്ങളുടെ ആവേശത്തെ വർധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. അത്തരം ഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ ശരീരത്തിലെ ഓരോ രോമവും സമുദായത്തോടുള്ള വേദനയാൽ അസ്വസ്ഥമാകുമായിരുന്നു. വംശവെറി ഞാൻ അദ്ദേഹത്തിൽ പേരിനുപോലും കണ്ടിട്ടില്ല. മിർസാ സാഹിബ് വലിയ കാര്യജ്ഞനായിരുന്നു........ഞങ്ങൾ പ്രയാസവുംനിരാശയും ബാധിച്ച് അദ്ദേഹത്തെ കാണാൻ പോയിട്ടുണ്ട്. പുറത്തുവരുമ്പോൾ നിരാശയുടെ കാർമേഘം ഒഴിഞ്ഞുപോയതായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. ലക്ഷ്യത്തിലേക്കുള്ള വിജയം മുന്നിൽ കാണപ്പെട്ടിരുന്നു. അദ്ദേഹം കരുത്തായ തെളിവുകൾ നൽകുകയും പ്രവർത്തനയോഗ്യമായ കാര്യങ്ങൾ പറയുകയും ചെയ്തിരുന്നു. മാത്രമല്ല എല്ലാനിലയ്ക്കുമുള്ള ത്യാഗത്തിനും സഹകരണത്തിനുമുള്ള സന്നദ്ധതയും പ്രകടിപ്പിച്ചിരുന്നു. അതുമുഖേന ഞങ്ങളിൽ ധൈര്യവും ആവേശവും ഉണ്ടാകുമായിരുന്നു.'(മൗലാനാ ഗുലാം റസൂൽ മെഹ്ർ, എഡിറ്റർ ഇൻഖിലാബ്)

●ഞാൻ ഇന്നുവരേയും ഇത്രയും ബൗദ്ധികമായ സംസാരവും ശക്തമായ തെളിവുകളും ഒരു മുസ്‌ലിമിന്റെ വായിൽനിന്നും കേട്ടിട്ടില്ല. നിങ്ങളുടെ ഖലീഫ വളരെ വലിയ തത്വചിന്തകനാണെന്നും മതലോകത്തെപറ്റി വളരെ ആഴത്തിൽ കാഴ്ചപാടുള്ളയാളാണെന്നും തോന്നുന്നു. (അമേരിക്കൻ പാതിരി)

●രാഷ്ട്രീയരംഗത്ത് തന്റെ ജമാഅത്തിനെ ഇതര മുസ്‌ലിമീങ്ങളുടെ തോളോടുതോൾ ചേർത്ത് പ്രവർത്തനനിരതമാക്കാൻ അദ്ദേഹം കർമപരമായ അടിസ്ഥാനത്തിൽ ആരംഭം കുറിച്ചുകൊണ്ട് അതിനെ തന്റെ നേതൃത്വത്തിൽ വിജയിപ്പിച്ചിരിക്കുന്നു. അതിൽ നീതിബോധമുള്ള ഓരോ മുസ്‌ലിമും, സത്യാന്വേഷിയും അഭിനന്ദിക്കുന്നതാണ്.(സിയാസത്ത് പത്രം ലാഹോർ)

●ആ സമയവും വിദൂരമല്ല, ഇസ്‌ലാമിലെ ഈ സുസംഘടിത ജമാഅത്തിന്റെ പ്രവർത്തനശൈലി ഇസ്‌ലാമിലെ ബഹുഭൂരിപക്ഷത്തിനും പൊതുവായും ബിസ്മില്ലായുടെ ദന്തഗോപുരങ്ങളിൽ ഇരുന്ന് ഇസ്‌ലാമിക സേവനങ്ങളുടെ ഉമ്മത്തിൽ വ്യഥാവിലുള്ള അവകാശവാദങ്ങൾ നടത്തുന്ന വ്യക്തികൾക്ക് പ്രത്യേകിച്ചും വഴിവിളക്കാകുന്നതാണ്.(മൗലാനാ മുഹമ്മദ് അലി ജോഹർ)

●എന്റെ അഭിപ്രായത്തിൽ മിർസാ സാഹിബ് അകന്നുപോയത് കമ്മിറ്റിയുടെ മരണത്തിന് സമാനമാണ്. ചുരുക്കത്തിൽ നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഔചിത്യം ലോകത്ത് വെളിപ്പെടുന്നതായിരിക്കും.(സയ്യിദ് ഹബീബ് സാഹിബ്)

●അല്ലാമ ഇഖ്ബാൽ പറഞ്ഞു: ഇത്രയും വൈജ്ഞാനികമായ പ്രസംഗം വളരെ കാലത്തിനുശേഷമാണ് ലാഹോറിൽ കേൾക്കാൻ ഇടവന്നത്. പ്രത്യേകിച്ചും വിശുദ്ധഖുർആന്റെ ആയത്തുകളെപറ്റി മിർസാ സാഹിബ് എടുത്തുപറഞ്ഞ കാര്യങ്ങൾ വളരെയേറെ സമുചിതമാകുന്നു. ഞാൻ എന്റെ പ്രസംഗം കൂടുതൽ നീട്ടിക്കൊണ്ടുപോയി, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അതായത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ) പ്രസംഗത്തിന്റെ സ്വാദ് നഷ്ടപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല.(ഡോക്ടർ അല്ലാമ മുഹമ്മദ് ഇഖ്ബാൽ)

●He has a good mind and had carefully thought out his constitutional scheme.
(Edwin Samuel Montagu, Secretary of State for India)

●നിരവധി ഉലമായും ഫുള്‌ലാവും.......അദ്ദേഹത്തെ ആഴത്തിൽ ഗവേഷണം നടത്തുന്ന പണ്ഡിതനായും എല്ലാ മതങ്ങളേയും ചരിത്രത്തേയും തത്വശാസ്ത്രത്തേയും പറ്റി ആഴത്തിൽ പഠനമുള്ള വ്യക്തിയായും ദൈവികപ്രമാണത്തിന്റെ യുക്തിയും തത്വവും അറിയുന്ന വ്യക്തിത്വമായും കണ്ടിരിക്കുന്നു.(അൽഇംറാൻ പത്രം, ദിമശിഖ്)

●അൽ കുഫ്റു മില്ലത്തുൻവ്വാഹിദ എന്ന ലേഖനം അഹ്മദികളും വായിക്കേണ്ടതാണ്. അവരുടെ ധാരാളം അറിവുകളിൽ അത് വർധന ഉണ്ടാക്കും.

●(ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ)നിരവധി ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉർദു അറിയാത്തവർ ഈ ആത്മീയഭണ്ഡാരത്തിൽനിന്ന് പ്രയോജനമെടുക്കാൻ ശ്രമിക്കേണ്ടതാണ്.

●മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ ചില വശങ്ങൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ അനുഗൃഹീത വ്യക്തിത്വത്തിൽ പുലർന്നതിനെ സംബന്ധിച്ച് അന്യ ജമാഅത്തിലെ നീതിമാന്മാരായവരുടെ പ്രതികരണങ്ങൾ.

●പാക്കിസ്താനിലേയും യമനിലേയും അഹ്മദികൾക്കും അപ്രകാരംതന്നെ ഫലസ്തീനികൾക്കും ശതവാർഷിക ജൂബിലി കൊണ്ടാടുന്ന ഘാനയിലെ ജൽസസാലാന വിജയത്തിനുംവേണ്ടി ദുആ ചെയ്യാനാഹ്വാനം.

**ഖുത്ബ ജുമുഅ 2024 ഫെബ്രുവരി 23, 1403 തബ്ലീഗ് 23**
**മസ്ജിദ് മുബാറക്ക് ഇസ്‌ലാമാബാദ് യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് മുസ്‌ലിഹ് മൗഊദിനെ(റ)സംബന്ധിച്ചുള്ള പ്രവചനത്തിന്റെ ചില കാര്യങ്ങൾ പറയുന്നതാണ്. എല്ലാ അഹ്മദികൾക്കും അറിയാവുന്നതുപോലെ എല്ലാ വർഷവും ഈ പ്രവചന പൂർത്തീകരണത്തെപ്പറ്റി യോഗങ്ങളും നടത്താറുണ്ട്. ഇത് 1886 ഫെബ്രുവരി 20-ലെ പ്രവചനമാണ്. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിവിധ സവിശേഷതകളുള്ള ഒരു പുത്രന്റെ ജനനത്തെപറ്റി സുവാർത്ത നൽകിയിരുന്നു. അതു വിവരിക്കുന്നതിനു മുമ്പേ കുട്ടികൾക്കും ചില യുവാക്കൾക്കും ഒരു ചോദ്യത്തിനുള്ള ഉത്തരം നൽകാൻ ഞാനാഗ്രഹിക്കുന്നു. മുമ്പേയും പലതവണ നൽകിയിട്ടുള്ളതാണ്. ഇവർ ചോദിക്കുന്നു: നമ്മൾ ജന്മദിനം ആഘോഷിക്കുന്നില്ലെങ്കിൽ പിന്നെന്തുകൊണ്ടാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ജന്മദിനം കൊണ്ടാടുന്നത്?

ഇതു സംബന്ധിച്ച് ഒരു കാര്യം വ്യക്തമാക്കാം. ഞാൻ നിരവധിതവണ പറഞ്ഞുകഴിഞ്ഞിട്ടുള്ളതുമാണ്. അതായത്, മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ജന്മദിനമല്ല നമ്മൾ കൊണ്ടാടുന്നത്. പ്രത്യുത പ്രവചനം പുലർന്നതുമായി ബന്ധപ്പെട്ട യോഗം ചേരുകയാണ് ചെയ്യുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)യുടെ ജന്മദിനം 1889 ജനുവരി 12 നാണ്. മറ്റൊന്ന് വീടുകളിൽ ഇതിനെപറ്റി സംസാരിക്കുന്നില്ല. അവിടെ മാതാപിതാക്കൾ വായിച്ചു പഠിച്ച് എന്താണ്

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)


tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ദൈവികത്വത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

മുസ്‌ലിഹ് മൗഊദിനെ പറ്റിയുള്ള പ്രവചനമെന്ന് കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ഇതൊരു മഹത്തായ പ്രവചനമാകുന്നു. അതിനെപറ്റി മുൻകാല ഗ്രന്ഥങ്ങളിൽ, നേരത്തെ വന്ന പ്രവാചകന്മാരും അറിയിപ്പു നൽകിയതാണ്. പിന്നെ നബി(സ) തിരുമേനിയുടെ നിർദ്ദേശത്തിന്റെ പ്രവചനമനുസരിച്ച് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഇങ്ങനെ വിളംബരം ചെയ്യാൻ പറഞ്ഞിരുന്നു.

ഇതൊരു സുദീർഘമായൊരു പ്രവചനമാണ്. അതിന്റെ പ്രാരംഭ ഭാഗങ്ങൾ വിവരിക്കാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ബി ഇൽഹാമില്ലാഹി തആലാ വ ഇഅ്‌ലാമിഹി അസ്സവജല്ല റഹീമും കരീമും വലിയവനും അതിശ്രേഷ്ഠനും -അവൻ എല്ലാ വസ്തുക്കളുടെമേലും സർവശക്തനാണ്(ജല്ല ശാനുഹൂ വ അസ്സ ഇസ്മുഹൂ)-തന്റെ ഇൽഹാമുകൊണ്ട് എന്നെ സംബോധന ചെയ്തു പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര(ലുധിയാന, ഹോശിയാർപൂർ യാത്ര)അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാം മതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും ഞാൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിന് മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദു മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനുംവേണ്ടിയത്രെ ഇപ്രകാരം പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് നിനക്കു സുവിശേഷമായിരിക്കട്ടെ!പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും.പിന്നീട് ഈ പ്രവചനത്തിൽ ആ പുത്രന്റെ സവിശേഷതൾ വിവരിക്കപ്പെട്ടിരിക്കുന്നു. അതിൽ ചിലത്, ഒന്നു രണ്ടെണ്ണം ഞാൻ വിശദീകരിക്കുന്നതാണ്. പറഞ്ഞു: അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും.പിന്നീടു പറഞ്ഞു: അവൻ ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും.(ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 5, പേജ് 647)

ഇത് സുദീർഘമായ പ്രവചനത്തിലെ ഏതാനും കാര്യങ്ങളാകുന്നു. അല്ലാഹുവിൽനിന്ന് കിട്ടിയ അറിയിപ്പനുസരിച്ച് പറഞ്ഞ കാലയളവിനുള്ളിൽത്തന്നെ ആ കുട്ടി ജനിച്ചതും പ്രവചനത്തിലെ എല്ലാ കാര്യങ്ങളും സാക്ഷാൽക്കരിക്കപ്പെട്ടതും നമ്മൾ കണ്ടതാണ്. അത് 50/52 എണ്ണമാകുന്നു. പറഞ്ഞതുപോലെ ഈ പ്രവചനത്തിൽനിന്ന് ഈ ഒന്ന് രണ്ട് കാര്യങ്ങളാണ് ഞാൻ എടുത്തിട്ടുള്ളത്.ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ 52 വർഷക്കാല ഖിലാഫത്ത് കാലഘട്ടത്തിലെ ഓരോ ദിവസവും ഈ പ്രവചനം പുലർന്നതിന്റെ തേജോവിലാസം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. വിശ്വസിക്കാത്ത നമ്മുടെ എതിരളികൾ, അഹ്മദികൾ ഈ പ്രവചനം പുലർന്നുവെന്നതിന് തെളിവ് നൽകുകയും ഈ പ്രവചനം പൂർത്തിയായെന്ന് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുമെന്ന് പറയാനിടയുണ്ട്;അതിന് എന്തെങ്കിലും ശക്തമായ തെളിവ് അവതരിപ്പിക്കാനും പറയും. ഇത് അത്തരം എതിരാളികളുടെ ദുർവാശിയാകുന്നു. എന്നാൽ, പറഞ്ഞുവന്നതുപോലെ ഹദ്റത്ത മുസ്‌ലിഹ് മൗഊദിന്റെ കാലഘട്ടത്തിൽ ജമാഅത്തിന്റെ പുരോഗതിയുടെ ഓരോ ദിവസവും അതിന്റെ പ്രകാശമാനമായ തെളിവാകുന്നു. പ്രവചനങ്ങളിലെ ഞാൻ സൂചിപ്പിച്ച കാര്യങ്ങളെപ്പറ്റി നിഷ്പക്ഷമതികളായ ആളുകളുടെ സാക്ഷ്യങ്ങൾ സമർപ്പിക്കാം. അവർക്ക് ജമാഅത്തുമായി ഒരുവിധ ബന്ധവുമില്ല. അവർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അറിയപ്പെടുന്ന വ്യക്തിത്വങ്ങളാകുന്നു.

മൗലാനാ ഗുലാം റസൂൽ സാഹിബ് മഹർ സുപ്രസിദ്ധനായൊരു വ്യക്തിയാകുന്നു. ഇദ്ദേഹം അതായത് മൗലാനാ ഗുലാം റസൂൽ സാഹിബ് 1885-ൽ ജലന്ധറിലാണ് ജനിച്ചത്. അദ്ദേഹം ഗവേഷകനും ഗ്രന്ഥകാരനും സാഹിത്യകാരനും ചരിത്രകാരനുമാകുന്നു. സമീന്ദാർ പത്രവുമായി ബന്ധമുള്ള ആളായിരുന്നു. പിന്നീട് മൗലാനാ അബ്ദുൽ മജീദ് സാലിക്കുമായി ചേർന്ന് ലാഹോറിൽനിന്ന് ഇൻഖിലാബ് പത്രം ആരംഭിച്ചു. 1966 ഡിസംബർ 20-നും 25-നും ശെയ്ഖ് അബ്ദുൽ മജീദ് സാഹിബ് ഓഫ് ലാഹോർ, മൗലാനാ സാഹിബിന്റെ അടുക്കലെത്തി. സംസാരത്തിന്നിടയിൽ മൗലാനാ ഗുലാം റസൂൽ മഹർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച് പറഞ്ഞു: നിങ്ങളുടെ ഗ്രന്ഥങ്ങളിലൊന്നും തന്നെ ആ മഹത്തായ മനുഷ്യന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൂർണമായ വിവരങ്ങൾ കിട്ടുന്നില്ല. ഞങ്ങൾ അദ്ദേഹത്തെ അടുത്തുനിന്ന് കണ്ടവരാണ്. ഒരുപാട് തവണ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. സ്വകാര്യ സംഭാഷണങ്ങളിലും ഏർപ്പെട്ടിട്ടുണ്ട്. മുസ്‌ലിം സമുദായത്തിന് അദ്ദേഹത്തിന്റെ വ്യക്തിത്വം ആപാദചൂഢം ത്യാഗസന്നദ്ധമായിരുന്നു.അദ്ദേഹം പറയുന്നു: ഒരിക്കൽ എനിക്ക് രായ്ക്കുരാമാനം ഖാദിയാനിൽ പോയി ഹദ്റത്ത് മുസ്‌ലിഹ് മൗഊദുമായി കൂടിയാലോചന നടത്തേണ്ടി വന്നിട്ടുണ്ട്. ആ യാത്ര ഇന്നും എന്റെ കണ്ണുകൾക്ക് മുന്നിലുണ്ട്. മനുഷ്യകുലത്തിനുവേണ്ടി ആ മനുഷ്യന്റെയുള്ളിൽ വലിയ വേദനയുണ്ടായിരുന്നു. അതായത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ മനസ്സിൽ വലിയ സഹാനുഭൂതി ഉണ്ടായിരന്നു. മുസ്‌ലിം സമുദായത്തിന് നന്മയുടേയും മേന്മയുടേയും പ്രശ്നം എവിടെയുണ്ടായാലും അദ്ദേഹത്തിന്റെ പ്രവർത്തനക്ഷമമായ അഭിപ്രായങ്ങൾ ഞങ്ങളുടെ ആവേശത്തെ വർധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. അത്തരം ഘട്ടങ്ങളിൽ അദ്ദേഹത്തിന്റെ ശരീരത്തിലെ ഓരോ രോമവും സമുദായത്തോടുള്ള വേദനയാൽ അസ്വസ്ഥമാകുമായിരുന്നു. വംശവെറി ഞാൻ അദ്ദേഹത്തിൽ പേരിനുപോലും കണ്ടിട്ടില്ല. മിർസാ സാഹിബ് വലിയ കാര്യജ്ഞനായിരുന്നു. പ്രവചനവാക്കുകളിൽ ബുദ്ധിശാലിയും കാര്യജ്ഞനുമാണെന്ന് വന്നിട്ടുണ്ട്. അനഹ്മദികളും അതിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു.

തന്റെ സംസാരം തുടർന്നുകൊണ്ട് പറഞ്ഞു: ഞാൻ ഇന്തോ പാക്കിൽ ഹദ്റത്ത് മിർസാ സാഹിബിന്റെ ബുദ്ധി പ്രാക്ടിക്കൽ പൊളിറ്റിക്സിൽ പ്രവർത്തനനിരതമായതുപോലെ മറ്റൊരു രാഷ്ട്രീയമോ മതപരമോ ആയ നേതാവിനെ കണ്ടിട്ടില്ല. ആത്മാർഥപൂർണമായ ഉപദേശങ്ങളും, വ്യക്തമായ അഭിപ്രായങ്ങളും ശരിയായ ചുവടുകളും കർമരേഖയും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ എനിക്ക് വലിയ ദുഃഖമുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ ഇസ്മായിൽ സാഹിബ് പാനിപ്പത്തിക്ക് അനുശോചന സന്ദേശം അയച്ചിരുന്നു. ഞാൻ പ്രസ്തുത കത്തിൽ ഹദ്റത്ത് മിർസാ സാഹിബിനെ പറ്റിയുള്ള അനുശോചന വാക്കുകൾ പ്രസിദ്ധീകരിക്കാനും എഴുതിയിരുന്നു. വീണ്ടും പറയുന്നു: ഖേദകരമെന്ന് പറയട്ടെ, മുസ്‌ലിമീങ്ങൾ മിർസാ സാഹിബിന്റെ വില മനസ്സിലാക്കിയില്ല. ശക്തമായ എതിർപ്പിന്റെ കൊടുങ്കാറ്റുണ്ടായിട്ടും ഞാൻ മിർസാ സാഹിബിൽ നിരാശയും തണുപ്പൻ പ്രതികരണവും കണ്ടിട്ടില്ല. മിർസാ സാഹിബിന്റെ ഹൃദയത്തിൽ ദീപം എപ്പോഴും തെളിഞ്ഞിരുന്നു. ഞങ്ങൾ പ്രയാസവും നിരാശയും ബാധിച്ച് അദ്ദേഹത്തെ കാണാൻ പോയിട്ടുണ്ട്. പുറത്തുവരുമ്പോൾ നിരാശയുടെ കാർമേഘം ഒഴിഞ്ഞുപോയതായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. ലക്ഷ്യത്തിലേക്കുള്ള വിജയം മുന്നിൽ കാണപ്പെട്ടിരുന്നു. അദ്ദേഹം കരുത്തായ തെളിവുകൾ നൽകുകയും പ്രവർത്തനയോഗ്യമായ കാര്യങ്ങൾ പറയുകയും ചെയ്തിരുന്നു. മാത്രമല്ല എല്ലാനിലയ്ക്കുമുള്ള ത്യാഗത്തിനും സഹകരണത്തിനുമുള്ള സന്നദ്ധതയും പ്രകടിപ്പിച്ചിരുന്നു. അതുമുഖേന ഞങ്ങളിൽ ധൈര്യവും ആവേശവും ഉണ്ടാകുമായിരുന്നു.(മാഹ്നാമ ഖാലിദ്, സയ്യിദുനാ മുസ്‌ലിഹ് മൗഊദ് സ്പെഷ്യൽ, ജൂൺ-ജൂലായ് 2008, പേജ് 325-326)

കശ്മീരിലെ മുൻ ചീഫ് ജഡ്ജ് ജനാബ് ലാല കൻവർ സയ്ൻ സാഹിബ് മുസ്‌ലിഹ് മൗഊദിനെ പറ്റി പറയുന്നു: ലാല കൻവർ സയ്ൻ സാഹിബ് ലാലാ ഭീം സയ്ൻ സാഹിബിന്റെ മകനാണ്. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ അറബിക്ക് ഭാഷയുടെ ഭാഷാ ജനനി എന്ന സ്ഥാനം എന്ന പ്രഭാഷണത്തിനും അധ്യക്ഷന്റെ നന്ദി പ്രകടനത്തിനും ശേഷം പ്രത്യേകമായും നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഇംഗ്ലീഷിൽ ഒരു ഉഗ്രൻ പ്രസംഗം ചെയ്തിരുന്നു. അതിന്റെ രത്നച്ചുരുക്കം ഇപ്രകാരമാകുന്നു. ഇന്ന് കഴിവുറ്റ പ്രഭാഷകൻ അറബിഭാഷയുടെ മേന്മയെ പറ്റി ചെയ്ത താൽപര്യജനകവും അതിവിശിഷ്ടവുമായ പ്രഭാഷണം കേട്ടപ്പോൾ എനിക്ക് വളരെയധികം സന്തോഷം തോന്നി. എനിക്ക് അദ്ദേഹത്തോടുള്ള വ്യക്തിപരമായ അടുപ്പവും സന്തോഷത്തിന് കാരണമായിരുന്നു. അദ്ദേഹത്തിന്റെ പിതാവിൽനിന്നാണ് എന്റെ പിതാവ് അറബി പഠിച്ചത്. ലാല സാഹിബിന്റെ പിതാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് അറബി പഠിച്ചിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ പ്രഭാഷണം കേൾക്കാൻ വന്നപ്പോൾ ഈ വിഷയം പരമ്പരാഗതരീതിയിൽ ആളുകൾ പറയുന്നതുപോലെ അവതരിപ്പിക്കപ്പെടുമെന്നാണ് കരുതിയത്. പൊതുവിൽ പറയാറുള്ളതുപോലെ ഒരു അറബിയോട് അറബിഭാഷയുടെ മേന്മയെപ്പറ്റി ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: അതിന്റെ

## • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
RAHMAN SHAKEErR& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

ശ്രേഷ്ഠതക്ക് മൂന്ന് കാരണങ്ങളുണ്ട്. ഒന്ന് ഞാൻ അറബുനാട്ടിൽ ജീവിക്കുന്നവനാണ്. ഇതാണത്രെ അറബിഭാഷയുടെ ശ്രേഷ്ഠത! രണ്ട്, ഇത് വിശുദ്ധ ഖുർആന്റെ ഭാഷയാണ്. ഇത് അംഗീകരിക്കാവുന്ന കാരണമാണ്. മൂന്ന് സ്വർഗത്തിലും അറബിഭാഷയാണ് സംസാരിക്കാറുള്ളത്! അദ്ദേഹം പറയുന്നു: ഞാൻ കരുതിയത് ഒരുപക്ഷേ, ഇതുപോലുള്ള കാര്യമായിരിക്കും അറബിഭാഷയുടെ മേന്മയായി പറയുക എന്നാണ്. എന്നാൽ, ഇവിടെ ചെയ്യപ്പെട്ട പ്രഭാഷണം വളരെയേറെ പണ്ഡിതോചിതവും തത്ത്വജ്ഞാനപരവുമായ ശ്രേഷ്ഠതരവുമായിരുന്നു. ഞാൻ മിർസാ സാഹിബിനോടു ഉറപ്പിച്ചു പറയട്ടെ, ഞാൻ അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ ഓരോരോ വാക്കും പൂർണമായ ശ്രദ്ധയോടെ കേൽക്കുകയുണ്ടായി. എനിക്ക് അതിൽ വളരെയേറെ അനുഭൂതി ഉണ്ടായി. പ്രയോജനമെടുക്കുകയും ചെയ്തു. കാലങ്ങളോളം ഈ പ്രഭാഷണത്തിന്റെ പ്രഭാവം എന്റെ മനസ്സിൽ നിലനിൽക്കുമെന്ന് ഞാൻ കരുതുന്നു.(താരീഖെ അഹ്മദിയ്യത്ത്, വാള്യം 6, പേജ് 181)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിദ്യഭ്യാസപരമായി പ്രൈമറിപോലും പാസായിരുന്നില്ല. അല്ലാഹു വാഗ്ദാനം ചെയ്തതുപോലെ അല്ലാഹു അദ്ദേഹത്തെ പ്രസ്തുത വിജ്ഞാനങ്ങളാൽ നിറയ്ക്കുകയുണ്ടായി. അന്യാരാധകരായ ആളുകൾക്കും അദ്ദേഹത്തെപറ്റി പ്രശംസിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഒരു അമേരിക്കൻ പാതിരിയുടെ അഭിപ്രായം കേൾക്കാം. ശേഖ് ഇസ്മായീൽ സാഹിബ് പാനിപ്പത്തി വിവരിക്കുന്നു: മൗലവി ഉമറുദ്ദീൻ സാഹിബ് ശിംലവി ഒരിക്കൽ പറയുകയുണ്ടായി, ഹുദൂർ ഖലീഫയായതിന് ഏതാനും മാസത്തിനുശേഷം അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ), ഖിലാഫത്ത് പദവിയിൽ അവരോധിതനായ 1914-ന് ഏതാനും മാസങ്ങൾക്കുശേഷം അമേരിക്കയിലെ ഒരു വലിയ പാതിരി ഖാദിയാനിൽ വന്നു. അയാൾ വലിയ പണ്ഡിതനുമായിരുന്നു. തന്റെ പാണ്ഡിത്യത്തിൽ അഭിമാനിയുമായിരുന്നു. ഖാദിയാനിലെത്തി അയാൾ ഞങ്ങൾക്കുമുന്നിൽ മതപരമായ ചില ചോദ്യങ്ങൾ ഉന്നയിച്ചു. അവ വളരെയേറെ ഗഹനമേറിയതും പ്രാധാന്യമുള്ളതുമായിരുന്നു. അയാൾ പറഞ്ഞു: ഞാൻ അമേരിക്കയിൽനിന്നാണ് വന്നത്. ഞാൻ മുസ്‌ലിമീങ്ങളുടെ എല്ലാ സദസ്സിലും ഇരുന്ന് ഈ ചോദ്യങ്ങൾ ആവർത്തിച്ചിട്ടുണ്ട്. എന്നാൽ, ഇന്നുവരേയും മുസ്‌ലിമീങ്ങളിലെ വലിയ വലിയ പണ്ഡിതന്മാർക്കുപോലും തൃപ്തികരമായ മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല. ഞാൻ ഈ ചോദ്യങ്ങൾ നിങ്ങളുടെ ഖലീഫ സാഹിബിന് മുന്നിൽ വെക്കുന്നതിനാണ് പ്രത്യേകമായി വന്നിട്ടുള്ളത്. ഖലീഫ സാഹിബ് ഈ ചോദ്യങ്ങൾക്ക് എന്ത് മറുപടിയാണ് നൽകുകയെന്ന് കാണാമല്ലോ?നിവേദകൻ പറയുന്നു: ഈ ചോദ്യങ്ങൾ ഏറെ സങ്കീർണവും കൗതുകകരവുമായിരുന്നു. അതുകേട്ടപ്പോൾ, തികച്ചും യുക്തവും ദൈവികവിഷയങ്ങളിൽ പ്രത്യേക പഠനമില്ലാത്തതും, ചെറുപ്പക്കാരനും, അനുഭവജ്ഞാനമില്ലാത്തതുമായ ഖലീഫ സാഹിബിന് ഒരിക്കലും ഈ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ കഴിയില്ലെന്നും അങ്ങനെ അഹ്മദിയ്യാ ജമാഅത്തിന് വലിയ ദുഷ്പേരും ക്ഷീണവുമുണ്ടാകുമെന്നുമാണ് ഞാൻ കരുതിയത്. കാരണം ഹദ്റത്ത് സാഹിബിന് പ്രസ്തുത ചോദ്യങ്ങൾക്ക് മറുപടി പറയാൻ കഴിഞ്ഞില്ലെങ്കിൽ ഈ അമേരിക്കൻ പാതിരി തിരികെപോയി ലോകത്ത് മുഴുവനും അഹ്മദികളുടെ ഖലീഫക്ക് ഒന്നുമറിയില്ലെന്നും ക്രിസ്ത്യാനികൾക്ക് മുന്നിൽ നിൽക്കാൻ കെൽപില്ലെന്നും അദ്ദേഹം പേരിനുമാത്രമുള്ള ഖലീഫയാണെന്നും അദ്ദേഹത്തിന്റെ അറിവ് മണ്ണാങ്കട്ടയാണെന്നും പറയുന്നതായിരിക്കും. ഈ പരിതഃസ്ഥിതിയിൽ അദ്ദേഹം പറയുന്നു: ഞാൻ ഏറെ അസ്വസ്ഥനായിരുന്നു. അതുകൊണ്ട് അമേരിക്കൻ പാതിരിയെ ഹദ്റത്ത് സാഹിബിനെ കാണാതെ തിരിച്ച യക്കുന്നതിനുവേണ്ടി ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, എനിക്ക് എന്റെ പരിശ്രമത്തിൽ വിജയിക്കാൻ കഴിഞ്ഞില്ല. ആ അമേരിക്കൻ പാതിരി താനെന്തായാലും ഖലീഫ സാഹിബിനെ കണ്ടിട്ടെ പോകൂവെന്ന് ശാഠ്യം പിടിക്കുകയാണ് ചെയ്തത്. നിസ്സഹായനായ ഞാൻ ഹദ്റത്ത് സാഹിബിന്റെ അടുത്തുപോയി പറഞ്ഞു: ഒരു അമേരിക്കൻ പാതിരി വന്നിട്ടുണ്ട്. അയാൾ അങ്ങയോട് ഏതാനും ചോദ്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നു. എന്താണ് ചെയ്യേണ്ടത്? അപ്പോൾ ഹദ്റത്ത് സാഹിബ് ഒരു ഒഴികഴിവും കാലവിളംബവും കൂടാതെ പറഞ്ഞു: അയാളെ വിളിക്കൂ. അങ്ങനെ ഗതികെട്ട് ഞാൻ അയാളേയും കൂട്ടിവന്നു. ഹദ്റത്ത് സാഹിബിന്റെ സവിധത്തിലെത്തി. രണ്ടാൾക്കുമിടയിൽ ദ്വിഭാഷി ഞാൻ തന്നെയായിരുന്നു. അയാൾ ഇംഗ്ലീഷിൽ ചോദിക്കുകയും ഹുദൂർ ഉർദുവിൽ മറുപടി നൽകുകയും ചെയ്തുകൊണ്ടിരുന്നു. ഇദ്ദേഹമാണ് അത് പരിഭാഷപ്പെടുത്തിയിരുന്നത്. അദ്ദേഹം പറയുന്നു: അമേരിക്കൻ പാതിരി ചില പ്രാരംഭ സംസാരങ്ങൾക്കുശേഷം തന്റെ ചോദ്യങ്ങൾ ഹദ്റത്ത് സാഹിബിന് മുന്നിൽവെച്ചു. അതിന്റെ തർജമ ഞാൻ ഹദ്റത്ത് സാഹിബിന് കേൾപ്പിച്ചു. ഹദ്റത്ത് സാഹിബ് വളരെ സമാധാനത്തോടെ പ്രസ്തുത ചോദ്യങ്ങൾ കേട്ടശേഷം ഉടൻതന്നെ അയാൾക്ക് തൃപ്തികരമായ മറുപടികൾ നൽകുകയും ചെയ്തു. അത് എന്നെ അത്ഭുതപ്പെടുത്തുകയുണ്ടായി. പ്രസ്തുത ചോദ്യങ്ങൾക്ക് ഹദ്റത്ത് സാഹിബിന് വിജ്ഞാനവും അനുപമവുമായ മറുപടി നൽകാൻ കഴിയുമെന്ന് എനിക്കൊരിക്കലും പ്രതീക്ഷയില്ലായിരുന്നു. ഞാൻ മറുപടികൾ ഇംഗ്ലീഷിൽ പാതിരിക്ക് കേൾപ്പിച്ചപ്പോൾ അയാളും അത്ഭുതപ്പെട്ടുപോയി. അയാൾ പറഞ്ഞു: ഞാൻ ഇന്നുവരേയും ഇത്രയും ബൗദ്ധികമായ സംസാരവും ശക്തമായ തെളിവുകളും ഒരു മുസ്‌ലിമിന്റെ വായിൽനിന്നും കേട്ടിട്ടില്ല. നിങ്ങളുടെ ഖലീഫ വളരെ വലിയ തത്വചിന്തകനാണെന്നും മതലോകത്തെപറ്റി വളരെ ആഴത്തിൽ കാഴ്ചപാടുള്ളയാളാണെന്നും തോന്നുന്നു. ഇത്രയും പറഞ്ഞ് അയാൾ മര്യാദപൂർവ്വം ഹദ്റത്ത് സാഹിബിന്റെ കൈയിൽ ചുംബിച്ചശേഷം തിരികെ പോകുകയും ചെയ്തു.(താരീഖെ അഹ് മദിയ്യത്ത വാള്യം 4, പേജ് 163-164)

പ്രവചനപൂർത്തീകരണത്തിന്റെ തേജോവിലാസമാണിത്. തന്റെ അറിവുകൾ നിമിത്തം താൻ വിജ്ഞാനത്തിൽ പ്രാവീണ്യമുള്ളവനാണെന്ന് കരുതിയിരുന്ന പാതിരിപോലും അവസാനം ഇസ്‌ലാമിന്റെ ശ്രേഷ്ഠത അംഗീകരിച്ചുകൊണ്ട് പോയി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ)നെഹ്റു റിപ്പോർട്ടും മുസ്‌ലിമീങ്ങളുടെ പ്രശ്നങ്ങളും എന്ന ഗ്രന്ഥത്തെപ്പറ്റി ഒരു നിരൂപകൻ എഴുതി: ഹുദൂറിന്റെ കൃത്യസമയത്തുള്ള ഈ മാർഗനിർദ്ദേശങ്ങൾകൊണ്ട് മുസ്‌ലിമീങ്ങളിലെ ഉയർന്ന വിഭാഗം വളരെയേറെ കൃതജ്ഞതയുള്ളവരായി. മുസ്‌ലിം രാഷ്ട്രീയലോകത്ത് അത് വളരെയേറെ സ്വീകരിക്കപ്പെടുകയും ചെയ്തു. വലിയ വലിയ മുസ്‌ലിം നേതാക്കന്മാർ പ്രശംസാവചനങ്ങൾകൊണ്ട് അതിനെ സ്തുതിക്കുകയും നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം മുസ്‌ലിമീങ്ങളെ ഏറ്റവും അനിവാര്യമായ ഘട്ടത്തിൽ സഹായിച്ചുവെന്ന് തുറന്ന് പറഞ്ഞു. നിരവധിയാളുകൾ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബിനോടു പറഞ്ഞു: യഥാർഥവും കർമപരവുമായ ജോലി നിർവഹിച്ചുകൊണ്ടിരിക്കുന്നത് നിങ്ങളുടെ ജമാഅത്താണ്. നിങ്ങളുടെ ജമാഅത്തിലുള്ള വ്യവസ്ഥിതികൾ മറ്റെങ്ങും കാണപ്പെടുന്നില്ല. കൽക്കത്തയിലെ ആത്മാർഥനായ അഹ്മദി മിസ്റ്റർ ദൗലത്ത് അഹ്മദ് ഖാൻ സാഹിബ് ബി.എ, എൽ.എൽ.ബി. ജോയിന്റ് എഡിറ്റർ സുൽത്വാൻ പത്രം ഈ നിരൂപണത്തെ ബംഗാളി ഭാഷയിൽ തർജമ ചെയ്യുകയും ലഘുലേഖയായി ഭംഗിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ബംഗാളികൾക്കിടയിൽ അത് ഏറെ സ്വീകരിക്കപ്പെട്ടു. വിദ്യാസമ്പന്നനായ ഒരു അനഹ്മദി നെഹ്റു റിപ്പോർട്ടിന്മേലുള്ള നിരൂപണം എന്ന പുസ്തകം വായിച്ചപ്പോൾ അതിൽ ആകൃഷ്ടനായി തർഖിയെ ഇസ്‌ലാം സെക്രട്ടറിക്ക് ഒരു കത്തയക്കുകയുണ്ടായി. അതിൽ പറയുന്നു: ഖലീഫ സാഹിബിനെ കാണാനും അദ്ദേഹത്തെ സന്ദർശിക്കാനും എന്റെ മനസ്സ് ഏറെ ആഗ്രഹിക്കുന്നു. കാരണം എന്റെയുള്ളിൽ അദ്ദേഹത്തിന് വലിയ സ്ഥാനമുണ്ട്. താങ്കൾ ദയവായി ഹദ്റത്ത് സാഹിബിന്റെ സവിധത്തിൽ ഈ വിനീതന്റെ സലാമെത്തിക്കണം. കൂടാതെ താങ്കൾ വളരെ നല്ലനിലയിൽ ഇസ്‌ലാം കടന്നുപോകുന്ന ഇത്രയും ഭയാനകമായ ഘട്ടത്തിൽ അതിനെ രക്ഷിക്കുകയും മതപരമായി അന്വേഷണം നടത്തുകയും മാത്രമല്ല മറിച്ച് രാഷ്ട്രീയ കാര്യങ്ങളിലും മുസ്‌ലിമീങ്ങൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതിൽ ഈ വിനീതദാസന്റെ ആശംസകൾ അറിയിക്കുകയും വേണം. ഞാൻ നെഹ്റു റിപ്പോർട്ടിനെ സംബന്ധിച്ച താങ്കളുടെ ചിന്താഗതികൾ വായിച്ചപ്പോൾ എന്റെ ദൃഷ്ടിയിൽ നിങ്ങൾക്കുണ്ടായിരുന്ന സ്ഥാനം വർധിക്കാനാണ് ഇടയായത്. താങ്കളെ നല്ലൊരു മതനേതാവ് എന്നതിനോടൊപ്പം തഴക്കംവന്ന ഒരു രാഷ്ട്രീയനേതാവായും മനസ്സിലാക്കുന്നു.

സിയാസത്ത് എന്ന പത്രം 1930 ഡിസംബർ 2-ന് എഴുതി: മതപരമായ ഭിന്നത ഒഴിവാക്കി നോക്കിയാൽ ജനാബ് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഗ്രന്ഥരചനയുടെ രംഗത്ത് ചെയ്തിട്ടുള്ള സേവനങ്ങൾ അതിന്റെ സാഹചര്യവും പ്രയോജനവും കണക്കാക്കിയാൽ പ്രശംസനീയമാകുന്നു. രാഷ്ട്രീയരംഗത്ത് തന്റെ ജമാഅത്തിനെ ഇതര മുസ്‌ലിമീങ്ങളുടെ തോളോടുതോൾ ചേർത്ത് പ്രവർത്തനനിരതമാക്കാൻ അദ്ദേഹം കർമപരമായ അടിസ്ഥാനത്തിൽ ആരംഭം കുറിച്ചുകൊണ്ട് അതിനെ തന്റെ നേതൃത്വത്തിൽ വിജയിപ്പിച്ചിരിക്കുന്നു. അതിൽ നീതിബോധമുള്ള ഓരോ മുസ്‌ലിമും, സത്യാന്വേഷിയും അഭിനന്ദിക്കുന്നതാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ ഉൾക്കാഴ്ചയെ ഒരു കാലഘട്ടം അംഗീകരിച്ചതാണ്. നെഹ്റു റിപ്പോർട്ടിന്നെതിരിൽ മുസ്‌ലിമീങ്ങളെ സംഘടിപ്പിക്കുന്നതിലും സൈമൺ കമ്മീഷനുമുന്നിൽ മുസ്‌ലിമീങ്ങളുടെ നിലപാട് സമർപ്പിക്കുന്നതിലും വർത്തമാനകാല സമസ്യകളിൽ ഇസ്‌ലാമിക വീക്ഷണത്തിൽ തെളിവ് സഹിതം ചർച്ച ചെയ്യുന്നതിലും മുസ്‌ലിമീങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചുകൊണ്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും അതായത് തെളിവുകൾ നിറഞ്ഞ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും അദ്ദേഹം വളരെ സ്തുത്യർഹമായ സേവനമാണ് ചെയ്തത്. ഇപ്പോൾ ചർച്ച ചെയ്യുന്നത് സൈമൺ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച അദ്ദേഹത്തിന്റെ നിരൂപണം എന്ന ഗ്രന്ഥത്തെ പറ്റിയാണ്. ഇത് ഇംഗ്ലീഷ് ഭാഷയിലാണ് എഴുതിയിട്ടുള്ളത്. അത് വായിച്ചാൽ അദ്ദേഹത്തിന്റെ പരന്ന വിജ്ഞാനത്തെപ്പറ്റി അനുമാനിക്കാൻ കഴിയുന്നതാണ്. അദ്ദേഹത്തിന്റെ ആഖ്യാന ശൈലിയും ലളിതവും ആകർഷണീയവുമാണ്. അദ്ദേഹത്തിന്റെ ഭാഷ വളരെ സുഗ്രാഹ്യമാകുന്നു.

ഇറാഖിലെ അവസ്ഥകളെപറ്റി ലാഹോറിലെ ആൾ ഇന്ത്യാ റേഡിയോ നിലയത്തിൽ അദ്ദേഹം ചെയ്ത പ്രഭാഷണം പ്രക്ഷേപണം ചെയ്തിരുന്നു. ഈ പ്രഭാഷണത്തിന് നിമിത്തമായത് രണ്ടാംലോക മഹായുദ്ധത്തിനിടയിൽ ജർമ്മനിയും ഇറ്റലിയും ഇറാഖിനെ ആക്രമിച്ചതായിരുന്നു. ഡൽഹിയിലെ സുപ്രസിദ്ധ സിക്ക്പത്രം റിയാസത്ത് 1941 ജൂൺ 2-ന് ഈ പ്രഭാഷണത്തെപറ്റി എഴുതിയ നിരൂപണം ഇപ്രകാരമായിരുന്നു:

അടിമ സമൂഹങ്ങളുടേയും അടിമ രാജ്യങ്ങളുടേയും സ്വഭാവത്തിലെ ഏറ്റവും ദുർബലമായ ഘടകം അതിലെ ആളുകൾക്കുണ്ടാകുന്ന ധാർമികവും സത്യസന്ധവുമായ ധൈര്യക്ഷയമാണ്. വ്യാജപ്രശംസ, കളവ്, ഭീരുത്വത്തിന്റെ സ്പിരിറ്റ് അവരിൽ പ്രകടമായിരിക്കും. ഇറാഖിലെ റശീദ് അലിയുടെ ഉദാഹരണമെടുക്കാം. ഇറാഖിലെ റശീദ് അലി ബ്രിട്ടീഷ് സർക്കാരിന്റേയും പ്രജകളുടേയും വീക്ഷണത്തിൽ തെറ്റിലായിരിക്കാം. അതല്ലെങ്കിൽ ബ്രിട്ടീഷുകാരുമായുള്ള അയാളുടെ യുദ്ധം അനുചിതമായിരിക്കാം. പക്ഷേ, അയാൾ തന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുകയായിരുന്നു എന്നത് നിഷേധിക്കാൻ സാധ്യമല്ല. ഇദ്ദേഹം തന്റെ രാജ്യത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടുകയായിരുന്നു. അദ്ദേഹത്തെ ഒരിക്കലും തന്റെ രാഷ്ട്രത്തിന്റെ ഒറ്റുകാരനായും ദ്രോഹിയായും ചിത്രീകരിക്കാൻ സാധ്യമല്ല. എന്നാൽ, നമ്മുടെ അടിമ രാജ്യത്തിലെ രാഷ്ട്രീയ കൈകാര്യകർത്താക്കളുടേ

യും നേതാക്കന്മാരുടേയും സ്വഭാവം, അതായത് ഈ മുസ്‌ലിമീങ്ങളും മറ്റു ചിലരും ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ നേതാക്കന്മാരും അവരുടെ സ്വഭാവവും അടിമത്തം കാരണം എത്രമാത്രം അധഃപതിച്ചിരിക്കുന്നുവെന്നാൽ ഇവർ തെറ്റിനേയും, അരുതാത്ത വ്യാജപ്രശംസയേയും ഏഷണിയേയും മാത്രം രാജ്യത്തിന്റെ അല്ലെങ്കിൽ സർക്കാരിന്റെ സേവനമായി ഗണിക്കുന്നു. നമ്മുടെ രാഷ്ട്രീയ കൈകാര്യകർത്താക്കളുടെ അല്ലെങ്കിൽ നേതാക്കന്മാരുടെ ഈ ബുദ്ധിശൂന്യമായ വ്യാജപ്രശംസ നിലനിൽക്കുമ്പോഴാണ് ഖാദിയാനിലെ അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവ് ധാർമികപരമായ ധൈര്യത്തിന്റെ ഉയർന്ന സ്വഭാവവും അദ്ദേഹത്തിന്റെ തെളിഞ്ഞ വിവരണവും താൽപര്യജനകവും സന്തോഷദായകവുമായി അനുഭവപ്പെടുന്നത്. അത് അദ്ദേഹം കഴിഞ്ഞ ആഴ്ച ചെയ്ത റേഡിയോ പ്രഭാഷണത്തിൽ പ്രകടമായിരുന്നു.(താരീഖെ അഹ്മദിയ്യത്ത്, വാള്യം 8, പേജ് 239–244)

ഇത് സമുദായത്തെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ഒരു പരിശ്രമമാകുന്നു.

മൗലാനാ മുഹമ്മദ് അലി ജോഹർ 1878-ലാണ് ജനിച്ചത്. 1931-ൽ വഫാത്തായി. രാംപൂരിലായിരുന്നു ജനനം. അദ്ദേഹം കൽക്കത്തയിൽനിന്ന് കോംറെയ്ഡ് എന്ന പേരിൽ ഒരു ആഴ്ചപ്പതിപ്പ് ഇറക്കിയിരുന്നു. ഡൽഹിയിൽനിന്ന് ഹംദർദ് എന്ന പേരിൽ ഒരു ഉർദു പത്രവും തുടങ്ങിയിരുന്നു. 1923-ൽ ആൾ ഇന്ത്യാ കോൺഗ്രസ്സിന്റെ പ്രസിഡണ്ടുമായിരുന്നു. വട്ടമേശ സമ്മേളനത്തിന് ലണ്ടനിൽ പോയിട്ടുണ്ട്. 1933 ജനുവരി 4-നാണ് മരണപ്പെട്ടത്.(മൗലാനാ മുഹമ്മദ് അലി ജോഹർ(ഹയാത്ത് വ ഖിദ്മാത്ത്), ഡോക്ടർ നദീം ശഫീഖ് മലിക്ക്, പേജ് 15, 30–33, 41–45, 48)

പാക്കിസ്താന്റെ സ്ഥാപനം, അഖണ്ഡത, അതിന്റെ നിർമാണം, പുരോഗതി തുടങ്ങി എല്ലാ രംഗത്തും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ സേവനങ്ങൾ പ്രകടമായിരുന്നു. ഇന്ന് ഇവർ ചോദിക്കുന്നു, അഹ്മദികളെന്താണ് ചെയ്തതെന്ന്! ഇതൊന്നും അഹ്മദികൾ ചെയ്തതല്ലെന്ന് പറയുന്നു. എന്നാൽ, അന്യരായആളുകൾ ഇതൊക്കെ അഹ്മദികളുടെ പ്രകടമായ സേവനങ്ങളാണെന്ന് അംഗീകരിക്കുന്നു. മൗലാനാ മുഹമ്മദ് അലി ജോഹർ സാഹിബ് ഇതു സംബന്ധിച്ച് തന്റെ അഭിപ്രായങ്ങൾ 1927 സെപ്തംബർ 26-ലെ ഹംദർദ് പത്രത്തിൽ എഴുതിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു:ജനാബ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനേയും അദ്ദേഹത്തിന്റെ സുസജ്ജമായ ജമാഅത്തിനേയും ഇവിടെ സ്മരിക്കാതിരിക്കുന്നത് നന്ദികേടായിരിക്കും. അദ്ദേഹം തന്റെ എല്ലാ ശ്രദ്ധയും അഭിപ്രായഭിന്നതകൾക്കതീതമായി എല്ലാ മുസ്‌ലിമീങ്ങളുടേയും നന്മയ്ക്കുവേണ്ടി സമർപ്പിച്ചിരിക്കുന്നു. അതായത് മിർസാ ബശീറുദ്ദീൻ മഹ്മൂദും അദ്ദേഹത്തിന്റെ ജമാഅത്തും അന്ന് ഒരു ഭാഗത്ത് രാഷ്ട്രീയത്തിൽ താൽപര്യം കാണിച്ചിരുന്ന തോടൊപ്പം തന്നെ മറുഭാഗത്ത് മുസ്‌ലിമീങ്ങളുടെ സംഘടനാപരവും പ്രചാരണപരവും വാണിജ്യപരവുമായ കാര്യങ്ങളിലും വളരെ ശ്രമകരമായി സജീവരായിരുന്നു. ഇതാണ് അഹ്മദികളുടെ പങ്ക്. ആ സമയവും വിദൂരമല്ല. ഈ സുസംഘടിതമായ ജമാഅത്തിന്റെ പ്രവർത്തനശൈലി! (കേൾക്കുക, പറയുന്നു)ആ സമയവും വിദൂരമല്ല, ഇസ്‌ലാമിലെ ഈ സുസംഘടിത ജമാഅത്തിന്റെ പ്രവർത്തനശൈലി ഇസ്‌ലാമിലെ ബഹുഭൂരിപക്ഷത്തിനും പൊതുവായും ബിസ്മില്ലായുടെ ദന്തഗോപുരങ്ങളിൽ ഇരുന്ന് ഇസ്‌ലാമിക സേവനങ്ങളുടെ ഉമ്മത്തിൽ വൃഥാവിലുള്ള അവകാശവാദങ്ങൾ നടത്തുന്ന വ്യക്തികൾക്ക് പ്രത്യേകിച്ചും വഴിവിളക്കാകുന്നതാണ്.(താരീഖെ അഹ്മദിയ്യത്ത്, വാള്യം 4, പേജ് 622)

ഇവർ വലിയവലിയ മിമ്പറുകളിലിരുന്ന് വാദങ്ങൾ നടത്തുന്നു. മതനേതാക്കളാണെന്ന് പറഞ്ഞ് വലിയ വലിയ അവകാശവാദങ്ങൾ നടത്തുന്നു. എന്നാൽ, ഇവ തികച്ചും നിരർഥമായ വാദങ്ങൾ മാത്രമാകുന്നു. ഇത് തികച്ചും അവരുടെ അവകാശവാദങ്ങൾ മാത്രമാണ്. അത് തികച്ചും താഴെക്കിടയിലുള്ള പ്രഖ്യാപനങ്ങളാകുന്നു. ഈ ആളുകൾക്ക് ഇവർ വഴിവിളക്കാകുന്നതാണ്. ഈ ദിവസം ഏതെങ്കിലും നേരത്ത് വരുന്നതാണ്, നിങ്ങൾ നോക്കിക്കൊണ്ടിരിക്കുക. ഇതാണ് നീതിബോധമുള്ള പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ. ഇന്ന് അഹ്മദികളെ പാക്കിസ്താന്റെയും ഇസ്‌ലാമിന്റേയും ശത്രുക്കളാണെന്ന് പറയുന്ന ഉലമാ ഈ ദർപ്പണത്തിൽ തങ്ങളുടെ മുഖം നോക്കിക്കൊണ്ട് അഹ്മദികൾക്കാണോ അതല്ല നാമമാത്ര ഉലമാഅ്നാണോ ഇസ്‌ലാമിനോട് വേദനയുള്ളതെന്ന് നോക്കേണ്ടതാണ്.

സയ്യിദ് ഹബീബ് സാഹിബ് ഒരു വ്യക്തിത്വമാണ്. 1891-ലാണ് ജനിച്ചത്. ഉർദുവിൽ അറിയപ്പെടുന്ന പത്രപ്രവർത്തകനാണ്. രിസാല ഫൂൽ ഔർ തഹ്സീബെ നിസ്‌വാൻ എന്ന പത്രത്തിന്റെ പത്രാധിപരായി നിയമിതനായി. നഖാശ് പത്രവും പിന്നീട് സിയാസത്തും ഗാസി ദിനപത്രം തുടങ്ങി. വളരെ ധൈര്യശാലിയും തുറന്ന് പറയുന്ന പത്രപ്രവർത്തകനുമായിരുന്നു. 1951-ലാണ് മരണപ്പെട്ടത്.(യാരാനെ കുഹൻ, അബ്ദുൽ മജീദ് സാലിക്ക്, പേജ് 189–200, സയ്യിദ് ഹബീബ്.)

1931 ജൂലൈ 25-ന് സ്ഥാപിതമായ ആൾ ഇന്ത്യാ കശ്മീർ കമ്മിറ്റിയുടെ അധ്യക്ഷപദവിയിൽനിന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)രാജിവെക്കുകയുണ്ടായി. ആരംഭത്തിൽ കമ്മിറ്റി ഉണ്ടായപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെയാണ് എല്ലാ മുസ്‌ലിമീങ്ങളും ഐകകണ്ഠ്യേന പ്രസിഡന്റാക്കിയത്. ഏതായാലും ഒരു സമയമെത്തിയപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)അതിന്റെ അധ്യക്ഷപദവിയിൽനിന്ന് രാജിവെച്ചു. അതിൽ സയ്യിദ് ഹബീബ് സാഹിബ് തന്റെ പത്രമായ സിയാസത്ത് ലാഹോറിന്റെ 1933 മെയ് 18 ലക്കത്തിൽ എഴുതി: എന്റെ ബോധ്യത്തിൽ ഏറെ കഴിവുകളുള്ള ആളാണെങ്കിലും ഡോക്ടർ അല്ലാമ ഇഖ്ബാലിനും മലിക് ബർക്കത്ത് അലിക്കും ഈ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. മാത്രമല്ല കശ്മീരിന്റെ ദുർഘടാവസ്ഥയിൽ അക്കാലത്ത് വിശ്വാസപരമായ വ്യത്യാസമുണ്ടായിട്ടും വിജയത്തെ മാത്രം മുൻനിറുത്തി മിർസാ സാഹിബിനെ പ്രസിഡന്റായി തിരഞ്ഞെടുത്തത് ശരിയായിരുന്നുവെന്ന് ലോകത്തിന് ബോധ്യപ്പെടുന്നതാണ്. അന്ന് വിശ്വാസപരമായ അഭിപ്രായഭിന്നത കാരണം മിർസാ സാഹിബിനെ തിരഞ്ഞെടുത്തില്ലായിരുന്നുവെങ്കിൽ ഈ പദ്ധതി തികച്ചും പരാജയപ്പെടുകയും കരുണചെയ്യപ്പെട്ട ഈ ഉമ്മത്തിന് ഏറെ നഷ്ടങ്ങൾ സഹിക്കേണ്ടിവരികയും ചെയ്യുമായിരുന്നു.

എന്റെ അഭിപ്രായത്തിൽ മിർസാ സാഹിബ് അകന്നുപോയത് കമ്മിറ്റിയുടെ മരണത്തിന് സമാനമാണ്. ചുരുക്കത്തിൽ നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഔചിത്യം ലോകത്ത് വെളിപ്പെടുന്നതായിരിക്കും.(ഖാലിദ് മാസിക, സയ്യിദുനാ മുസ്‌ലിഹ് മൗഊദ് സ്പെഷ്യൽ ജൂൺ-ജൂലായ് 2008, പേജ് 323–324)

ഇനി മിർസാ സാഹിബ് എന്താണ് ചെയ്തിരുന്നതെന്നും അവരുടെ കമ്മിറ്റി അദ്ദേഹമില്ലാതെ എന്താണ് ചെയ്യുകയെന്നും ലോകത്തിന് മനസ്സിലാകുന്നതാണ്. പിന്നെ അത് ലോകം കാണുകയും ചെയ്തു. എല്ലാം മുന്നിലുണ്ട്. അദ്ദേഹം ഇത് എന്തുകൊണ്ടാണ് ചെയ്തത്? ബന്ധനസ്ഥരുടെ മോചനത്തിനുള്ള വേദന അദ്ദേഹത്തിന്റെ ഉള്ളിലുണ്ടായിരുന്നു. അദ്ദേഹം അതിന് നിമിത്തമാകേണ്ടതായിരുന്നു. അദ്ദേഹം അധ്യക്ഷപദവി ഉപേക്ഷിച്ചെങ്കിലും പിന്നീടും ഒരുപാട് ജോലികൾ ചെയ്തിരുന്നു. ഈ വേദന കാരണം സാധ്യമാകുന്ന എല്ലാ കാര്യങ്ങളും അദ്ദേഹം ചെയ്തു. ചരിത്രം അതിന് സാക്ഷിയാണ്.

മൗലാനാ അബ്ദുൽ മാജിദ് ദരിയാബാദി സാഹിബ് 1892-ലാണ് ജനിച്ചത്. ഇന്ത്യയിലെ ഉർദുസാഹിത്യത്തിലെ എഴുത്തുകാരനും ഗവേഷകനും, ഖുർആൻ വ്യാഖ്യാതാവുമാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ വിയോഗത്തിൽ മൗലാനാ അബ്ദുൽ മാജിദ് ദരിയാബാദി തന്റെ പത്രമായ സ്വിദ്ഖെജദീദ് ലഖ്നോവിന്റെ 1865 നവംബർ 18-ലെ ലക്കത്തിൽ എഴുതി: അദ്ദേഹത്തിന്റെ വിശ്വാസം എന്തുതന്നെയായിക്കൊള്ളട്ടെ, ഖുർആനികജ്ഞാനത്തിന്റെ ആഗോള പ്രചാരണവും അതിന്റെ ദിഗന്തങ്ങളോളം പ്രചരിപ്പിക്കാനുള്ള പരിശ്രമവും അദ്ദേഹം താൽപര്യപൂർവം നിശ്ചയദാർഢ്യത്തോടെ തന്റെ നീണ്ട ജീവിതകാലം മുഴുവനും തുടർന്നുപോന്നു. അതിന് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ഇദ്ദേഹംതന്നെയും ഖുർആൻ വ്യാഖ്യാതാവാണെന്നോർക്കുക. പക്ഷേ, മുസ്‌ലിഹ് മൗഊദിനെ പറ്റി അദ്ദേഹം പറയുന്നതിങ്ങനെയാണ്. അദ്ദേഹത്തിന്റെ നീണ്ടകാല സേവനംകൊണ്ട് പൊതുകാര്യത്തിൽ അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുമാറാകട്ടെ. തുടർന്ന് എഴുതുന്നു: അദ്ദേഹം വൈജ്ഞാനികമായി ഖുർആനിക യാഥാർഥ്യങ്ങളുടെയും ജ്ഞാനങ്ങളുടെയും വിശദീകരണങ്ങളും വിവക്ഷിതങ്ങളും നൽകിയതിനും ഒരു സവിശേഷ സ്ഥാനമുണ്ട്.(അൻസ്വാറുല്ലാഹ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സ്പെഷ്യൽ, ജൂൺ-ജൂലായി 2009, പേജ് 879)

വിശ്വാസപരവും മതപരവുമായ ഭിന്നതയും (മതപരമായിട്ടല്ല) വിശ്വാസപരമായ ഭിന്നതയുണ്ടായിട്ടും അദ്ദേഹംതന്നെ സത്യത്തിലാണെന്ന് മനസ്സിലാക്കിയിരുന്നുവെങ്കിലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ഖുർആനും ഇസ്‌ലാമികവുമായ സേവനങ്ങളെ പ്രകീർത്തിക്കാതിരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അല്ലാഹു ലൗകികവും ആത്മീയവുമായ അറിവുകളാൽ നിറയ്ക്കുമെന്ന് വാഗ്ദാനം നൽകിയിരിക്കെ വേറെ ആർക്കാണ് അദ്ദേഹത്തെപ്പോലെ അക്കാലഘട്ടത്തിൽ വിജ്ഞാനങ്ങൾ നൽകാൻ കഴിയുക? പ്രത്യുത പിന്നീട് വരുന്നവരും അദ്ദേഹത്തിന്റെ വിജ്ഞാനങ്ങളെ പ്രകീർത്തിക്കുന്നതാണ്. എങ്കിൽ മാത്രമേ ശരിയായ പാതയിൽ സഞ്ചരിക്കാൻ കഴിയുകയുള്ളൂ.

ഡോക്ടർ അല്ലാമ മുഹമ്മദു ഇഖ്ബാൽ സാഹിബിനെ ഉദ്ധരിച്ചുകൊണ്ടും ജമാഅത്തിന്നെതിരിൽ നിരവധി കാര്യങ്ങൾ പറയുന്നു. എന്നാൽ,1923 മാർച്ച് 24-ന് ലഹോറിലെ ഒരു സമ്മേളനത്തിൽ അദ്ദേഹമായിരുന്നു അധ്യക്ഷൻ. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അവിടെ പ്രസംഗിച്ചിരുന്നു. അവിടെ ഇഖ്ബാൽ പറഞ്ഞ കാര്യങ്ങളും റിക്കാർഡ് ചെയ്യപ്പെട്ടിട്ടുണ്ട്. അല്ലാമ ഇഖ്ബാൽ പറഞ്ഞു: ഇത്രയും വൈജ്ഞാനികമായ പ്രസംഗം വളരെ കാലത്തിനു ശേഷമാണ് ലാഹോറിൽ കേൾക്കാൻ ഇടവന്നത്. പ്രത്യേകിച്ചും വിശുദ്ധഖുർആന്റെ ആയത്തുകളെപറ്റി മിർസാ സാഹിബ് എടുത്തുപറഞ്ഞ കാര്യങ്ങൾ വളരെയേറെ സമുചിതമാകുന്നു. ഞാൻ എന്റെ പ്രസംഗം കൂടുതൽ നീട്ടിക്കൊണ്ടുപോയി, അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അതായത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ(റ) പ്രസംഗത്തിന്റെ സ്വാദ് നഷ്ടപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല.(അൽഫള്ൽ 15 ഫെബ്രുവരി 1999, പേജ് 6)

സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് എം.എ ചരിത്ര പ്രൊഫസറായിരുന്നു. ഇസ്‌ലാമിയ കോളേജ് ലാഹോറിലെ പ്രിൻസിപ്പളായിരുന്നു. 1919-ൽ ലാഹോറിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം എന്ന പേരിൽ ഒരു പ്രഭാഷണം നടത്തിയിരുന്നു. ഇദ്ദേഹമായിരുന്നു അധ്യക്ഷൻ. അധ്യക്ഷപ്രസംഗത്തിൽ സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് പറഞ്ഞു:ജ്ഞാനിയായ പിതാവിന്റെ ജ്ഞാനിയായ പുത്രൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ പേരുതന്നെ ഈ പ്രഭാഷണത്തിന്റെ വൈജ്ഞാനികതയെ വിളിച്ചോതുന്നതാണ്. എനിക്കും ഇസ്‌ലാമിക ചരിത്രത്തിൽ അവഗാഹമുണ്ട്. ഹദ്റത്ത് ഉഥ്മാന്റെ(റ) ഖിലാഫത്ത് കാലത്തുണ്ടായ ഭിന്നിപ്പുകളുടെ ആഴത്തിലേക്ക് കടന്നുചെന്ന് ആ നശീകരണപരമായ ആദ്യത്തെ ആഭ്യന്തരകലഹത്തിന്റെ യഥാർഥ കാരണങ്ങളെ കണ്ടുപിടിക്കുന്നതിൽ വിജയിച്ച മുസ്‌ലിം അമുസ്‌ലിം ചരിത്രകാരന്മാർ ദുർലഭമാണെന്ന് എനിക്ക് ഖണ്ഡന ഭയമന്യേ പറയാൻ കഴിയും. ഹദ്റത്ത് മിർസാ സാഹിബിന് ആ ആഭ്യന്തര കലഹത്തിന്റെ യഥാർഥ കാരണം കണ്ടുപിടിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല കാര്യകാരണസഹിതം ഈ സംഭവങ്ങളെ അദ്ദേഹം വിശദീകരിക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത സംഭവങ്ങൾ കാരണത്താൽ ഏറെനാൾ ഖിലാഫത്ത് സൗധംതന്നെ ഇളകിക്കൊണ്ടിരുന്നു. ഇത്രയും യുക്തിയുക്തമായ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 28 March 2024 Issue-13

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

പ്രഭാഷണം ഇസ്‌ലാമിക ചരിത്രതൽപരന്മാരുടെ ദൃഷ്ടിയിൽ ഇതിനുമുമ്പേ ഒരിക്കലും വിഷയീഭവിച്ചിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്.(അൽഫള്ൽ ഫെബ്രുവരി 15, 2002 പേജ് 13)

ഇന്ത്യൻ മന്ത്രി എഡ്വിൻ സാമുവേൽ മോൻഡിഗോ ഇന്ത്യൻ കാര്യങ്ങൾക്കുള്ള ബ്രിട്ടൻ പാർലമെന്റിലെ സെക്രട്ടറിയായിരുന്നു. ഇന്തോപാക് അല്ലെങ്കിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ബ്രിട്ടീഷ് സർക്കാരിനകീഴിലുള്ള പ്രദേശങ്ങളുടെ ബ്രിട്ടീഷ് പാർലമെന്റ് സെക്രട്ടറി ഫോർ ഇന്ത്യയായിരുന്നു. 1917-18-ൽ ഇദ്ദേഹം ഈ പദവിയിൽ ഉപവിഷ്ടനായിരുന്നു. അന്ന് അദ്ദേഹം ഇന്ത്യയിലുള്ള അവസ്ഥകളെപ്പറ്റി അവലോകനം നടത്താൻ ഇന്ത്യയിൽ പര്യടനത്തിന് വന്നിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ആ സന്ദർഭത്തിൽ ഇന്ത്യൻ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യക്തവും വിശദവുമായ മാർഗദർശനങ്ങൾ ഈ ഈന്ത്യൻ മന്ത്രിക്ക് മുന്നിൽ അഡ്രസ്സായി സമർപ്പിച്ചിരുന്നു. ഈ പ്രസംഗം ലാഹോറിലാണ് അദ്ദേഹത്തിന് മുന്നിൽ നടത്തപ്പെട്ടത്. അത് ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ സാഹിബാണ് വായിച്ചുകേൾപ്പിച്ചത്. ഹുദൂർ മന്ത്രിയെ സന്ദർശിക്കുകയും മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മോൻഡിഗോ സാഹിബ് ഈ പ്രസംഗവും അതിന്റെ വിവരണങ്ങളും തന്റെ ഡയറിയിൽ നോട്ട് ചെയ്യുകയും അത് അദ്ദേഹത്തിന്റെ മരണശേഷം ആൻ ഇൻഡ്യൻ ഡയറി എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 1917 നവംബർ 15 ന് അദ്ദേഹം എഴുതി: നാലാമത്തെ സംഘം അഹ്മദികളുടേതായിരുന്നു. ഇത് മുസ്‌ലിമീങ്ങളിലെതന്നെ ഒരു കക്ഷിയാണ്. ഇവർ മുസ്‌ലിമീങ്ങളാണ്. മാനുഷിക ഐക്യത്തിൽ വിശ്വസിക്കുന്നവരുമാണ്. എല്ലാ പ്രവാചകന്മാരേയും വിശ്വസിക്കുന്നു. അവർ ഒരു നീണ്ട നിവേദനം വായിച്ചുകേൾപ്പിച്ചിരുന്നു. അത് അവരുടെ നേതാവ് എഴുതിയതാണ്. അത് നമ്മുടെ മുന്നിൽ സമർപ്പിക്കപ്പെട്ട ഇതര നിവേദനങ്ങളേക്കാൾ എന്തുകൊണ്ടും ഏറെ മെച്ചപ്പെട്ടതായിരുന്നു. ഈ നിവേദനം എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, നിയമനിർമാണം എന്നിവ സംബന്ധിച്ച എല്ലാ സംഘങ്ങളേക്കാളും മികച്ചതും ഒരുപാട് ചിന്തിച്ചും തയ്യാറാക്കിയതാണ്. അതിലെ അവസാന വാക്കുകൾ ഇപ്രകാരമായിരുന്നു. He has- a good mind and had carefully thought out his constitutional scheme.(Edwin Samuel Montagu, Secretary of State for India)(അൽഫള്ൽ ഇന്റർ നാഷണൽ, 18-27 ഫെബ്രുവരി 2020, പേജ് 54, പ്രത്യേക പതിപ്പ്, യൗമെ മുസ്‌ലിഹ് മൗഊദ്). അദ്ദേഹത്തിന്റെ ബുദ്ധി ഉന്നതമാണ്. വളരെ ശ്രദ്ധാപൂർവ്വം ഗഹനമായ ഒരു ഭരണഘടനാപദ്ധതിയാണ് അദ്ദേഹം നൽകിയത്. അദ്ദേഹം വളരെ വിദ്യഭ്യാസമുള്ള കഴിവുറ്റ രാഷ്ട്രീയക്കാരനാണ്. അദ്ദേഹമാണ് കായികവിദ്യാഭ്യാസമില്ലാത്ത ഒരാളെപറ്റി പറയുന്നത്. എന്തുകൊണ്ടെന്നാൽ, പ്രവചനത്തിൽ അല്ലാഹു ലൗകികവും ആത്മീയവുമായ ജ്ഞാനങ്ങൾ അദ്ദേഹത്തിൽ നിറയ്ക്കുമെന്ന് പറഞ്ഞിരുന്നു.

ഹൈക്കോടതി വക്കീൽ ചൗദ്രി മുഹമ്മദ് അക്ബർ ഖാൻ ഭട്ടി സാഹിബ് പറയുന്നു: ഒരു സംഭവം അനുസ്മരിക്കുന്നത് അനുചിതമായിരിക്കുകയില്ല. പാറസ് വീക്കിലിയുടെ എഡിറ്റർ ലാലാ കറംചന്ദ് പത്രപ്രവർത്തകരുടെ ഒരു സംഘത്തോടൊപ്പം ഖാദിയാൻ ജൽസാ സാലാനയിൽ പങ്കെടുത്തിരുന്നു. അവിടെനിന്ന് തിരിച്ചെത്തിയശേഷം വിവിധ ലേഖനങ്ങളിൽ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ ക്രാന്തദർശിത്വത്തേയും വ്യക്തിത്വത്തേയും പറ്റി എഴുതിയ കാര്യങ്ങൾ കാരണം എതിരാളികൾക്കിടയിൽ അസ്വസ്ഥതകളുണ്ടായി. എന്നോട് പറഞ്ഞു: ഞങ്ങൾ സഫ്റുല്ലാഹ് ഖാനെ വലിയ ആളായിട്ടാണ് കരുതിയിരുന്നത്. സർ സഫറുല്ലാഹ് ഖാൻ അന്ന് വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ മെമ്പർ ആയിരുന്നു. പക്ഷേ, മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന് മുന്നിൽ അദ്ദേഹത്തിന്റെ അതായത് സഫറുല്ലാഹ് ഖാന്റെ അവസ്ഥ ഒരു സ്കൂൾ വിദ്യാർഥിയുടേതായിരുന്നു. അദ്ദേഹം അതായത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എല്ലാ കാര്യങ്ങളിലും സഫറുല്ലാഹ്ഖാൻ സാഹിബിനേക്കാളും മെച്ചപ്പെട്ട അഭിപ്രായമുള്ള ആളായിരുന്നു. അദ്ദേഹത്തിന് അനിതരസാധാരണമായ സംഘാടക പാടവവുമുണ്ട്. ഇത്തരം വ്യക്തി വളരെ എളുപ്പത്തിൽ ഒരു രാജ്യത്തെപോലും പുരോഗതിയുടെ അത്യുന്നതിയിൽ എത്തിക്കാൻ കഴിവുള്ള ആളാകുന്നു. വിഭജനത്തിനുശേഷം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ലോ കോളേജിൽ രാഷ്ട്രപുരോഗതിയുടെ സാധ്യതകളെ പറ്റി ചില പ്രഭാഷണങ്ങൾ നടത്തിയിരുന്നു. ഈ പ്രഭാഷണങ്ങളിൽ അദ്ദേഹം ഒരു യൂണിവേഴ്സിറ്റിയിലെ പണ്ഡിതനായ ലെക്ച്ചററെപോലെ ഭൂപടങ്ങൾ ബ്ലാക്ബോർഡിന്റേയും ഗ്രാഫിക്സിന്റേയും സഹായത്തോടെ ചില പോയിന്റുകളും വിശദീകരണങ്ങളും നൽകിയിരുന്നു. എനിക്ക് ഒരു പോയന്റ് ഓർമയുണ്ട്. എഴുതുന്ന ആൾ പറയുന്നു: എനിക്ക് ഒരു പോയന്റ് ഓർമയുണ്ട്. അദ്ദേഹം പറഞ്ഞു: വേദനാജനകമെന്ന് പറയട്ടെ ഇന്ത്യാ വിഭജനത്തിനു മുമ്പേ ഇന്ത്യൻ സമുദ്രതീരത്തുള്ള ദ്വീപുകളിലേക്ക് ശ്രദ്ധ തിരിഞ്ഞില്ല; ലക്ഷദ്വീപ്, സുറൻദ്വീപ്, ബാലദ്വീപ് എന്നിവയെപറ്റി. ഈ തീരദേശ ദ്വീപുകളിൽ ജനസംഖ്യയിൽ ഭൂരിപക്ഷവും മുസ്‌ലിമീങ്ങളാകുന്നു. പ്രതിരോധവുമായി ബന്ധപ്പെട്ട് ഇവർക്ക് ഏറെ പ്രാധാന്യമുണ്ട്. നിർദ്ദേശങ്ങൾ കേട്ടപ്പോൾ ശ്രോതാക്കളുടെ പ്രതികരണം രാജ്യവിഭജനത്തിന്റെ സമയത്ത് ഖലീഫയുടെ പൊതുവായ ഇടപെടൽകൂടി ഉണ്ടായിരുന്നുവെങ്കിൽ നന്നായിരുന്നേനെ എന്നായിരുന്നു. അനാവശ്യമായ പക്ഷപാതിത്വവും ആത്മവഞ്ചനയും കാരണവും സാമൂഹികതലത്തിൽ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ദൈവദത്തമായ കഴിവുകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള അവസരമാണ് നഷ്ടപ്പെടുത്തിയത്.ഒരു ജഡ്ജ് തന്റെ സ്വകാര്യ സദസ്സുകളിൽ ഏറ്റുപറഞ്ഞു: ഈ സകലശ്രേഷ്ഠതയും ഉണ്ടായിട്ടും സ്വാഭാവികതയിൽ നിന്ന് അതീതമായ പ്രശ്നങ്ങളെപറ്റി അല്പംപോലും തനിക്ക് അറിവില്ലായിരുന്നു. മിർസാ മഹ്മൂദ് അഹ്മദിന്റെ വിശദീകരണങ്ങൾ കേട്ടപ്പോൾ എന്റെ 14 പിൻതലമുറകളാണ് പ്രകാശിതമായത്. ആദ്യമായിട്ടാണ് ഇസ്‌ലാമിക വീക്ഷണത്തിന്റെ ശരിയായ അറിവ് ലഭിക്കുന്നത്.(അൽഫള്ൽ ഇന്റർ നാഷണൽ, 16-22 ഫെബ്രുവരി 2018, പേജ് 3)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തന്നെയാണ് മുമ്പേയും ശേഷവും പാക്കിസ്താൻ സ്ഥാപനത്തിനുവേണ്ടി അഭിപ്രായങ്ങൾ സമർപ്പിച്ചത്. അതോടെ വിദ്യാസമ്പന്നരായ ആളുകളുടെ ബുദ്ധിയും പ്രകാശിതമായി. അവരുടെ ബുദ്ധിയും ബോധവും നഷ്ടപ്പെട്ടിരുന്നു. തങ്ങൾ പ്രൈമറി വിദ്യാർഥികളെപോലെ ഇക്കാര്യങ്ങൾ അറിയുകയാണെന്ന് അവർ പറഞ്ഞു. ദിമിശ്ഖിലെ അൽ ഇംറാൻ പത്രം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് അവിടെ പര്യടനം നടത്തിയപ്പോൾ 1924 ആഗസ്ത് 10-ലെ ലക്കത്തിൽ മഹ്ദി ദിമിശ്ഖിൽ എന്ന തലക്കെട്ടിൽ എഴുതുന്നു:താങ്കൾ തലസ്ഥാനത്തെത്തിയെന്ന് അറിയാൻ കഴിയുന്നു. ശാമിലെ നിരവധി പണ്ഡിതന്മാർ താങ്കളുമായി സംസാരിക്കാനും, താങ്കളുടെ സന്ദേശത്തെപ്പറ്റി താങ്കളോടു സംവാദം നടത്താനും താങ്കളുടെ സവിധത്തിലെത്തിയിട്ടുണ്ട്. തുടർന്ന് എന്തുണ്ടായി എഴുതുന്നു: പക്ഷേ, അവർ താങ്കളെ ആഴത്തിൽ ഗവേഷണം നടത്തുന്ന പണ്ഡിതനായും എല്ലാ മതങ്ങളേയും ചരിത്രത്തേയും തത്ത്വശാസ്ത്രത്തേയും പറ്റി ആഴത്തിൽ പഠനമുള്ള വ്യക്തിയായും ദൈവികപ്രമാണത്തിന്റെ യുക്തിയും തത്ത്വവും അറിയുന്ന വ്യക്തിത്വമായും കണ്ടിരിക്കുന്നു.(അൽഫള്ൽ ദിനപത്രം ഇന്റർ നാഷണൽ, 17 ഫെബ്രുവരി 1972, പേജ് 10)

ഇതൊരു അറേബ്യൻ പത്രത്തിന്റെ സാക്ഷ്യമാണ്. ഇസ്റായീലിന്റെ സ്ഥാപനപദ്ധതികൾ ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അത് സ്ഥാപിക്കപ്പെട്ടശേഷം അദ്ദേഹം മതത്തിന്റേയും ചരിത്രത്തിന്റേയും വെളിച്ചത്തിൽ മുസ്‌ലിമീങ്ങളെ യാഥാർഥ്യങ്ങൾ ബോധ്യപ്പെടുത്താനും ശ്രമിച്ചുകൊണ്ടിരുന്നു. പിന്നീടും ഇത് തുടർന്നുപോന്നു. ഇത് സംബന്ധിച്ച് അൽ കുഫ്റു മില്ലത്തുൻവ്വാഹിദ എന്ന പേരിൽ അദ്ദേഹം ഒരു ലേഖനം എഴുതിയിരുന്നു. അത് അറബിയിൽ തർജമ ചെയ്ത് അറേബ്യവരേയും വിതരണം ചെയ്യുകയുണ്ടായി. അറബികളോടും മുസ്‌ലിം ലോകത്തോടും പറഞ്ഞു: ഇനിയെങ്കിലും ജാഗരൂകരാകുവിൻ!ഈ ലേഖനം നിരവധി അറേബ്യൻ പത്രങ്ങളിൽ കൊടുക്കുകയും അവരതിനെ ശ്ലാഘിക്കുകയും ചെയ്തു.

അദ്ദേഹം മുൻകരുതലുകൾ പറഞ്ഞുതരികയും ആശങ്കകൾ വിവരിക്കുകയും ചെയ്യുകയുണ്ടായി. എന്തെല്ലാം ഭവിഷ്യത്തുകളെപറ്റി പറഞ്ഞുവോ അതെല്ലാംതന്നെ ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. യുദ്ധങ്ങളിൽ അത് കാണപ്പെടുന്നു. മുസ്‌ലിമീങ്ങൾ ഇനിയെങ്കിലും ശ്രദ്ധിച്ചെങ്കിൽ!

*(ബാക്കി അടുത്ത ലക്കത്തിൽ)*

**കരുളായി ഫള്ലെ ഉമർ പബ്ലിക് സ്കൂൾ**
**പുതിയ ബാച്ച് തുടങ്ങുന്നു.**

മലപ്പുറം ജില്ലയിലെ കരുളായി ഫള്ലെ ഉമർ പബ്ലിക് സ്കൂളിന്റെ കീഴിൽ കേരളത്തിലെ അഹ്മദി ആൺ കുട്ടികൾക്കുവേണ്ടി 4-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെ സി.ബി.എസ്സ്.സി സിലബസ് അനുസരിച്ച് നല്ല നിലവാരമുള്ള വിദ്യഭ്യാസവും അതിനോടനുബന്ധിച്ച് അറബി ഉർദു ഭാഷാ പഠനവും ദീനീവിദ്യഭ്യാസവും മസ്ജിദുമായി സ്ഥിരം ബന്ധപ്പെടാനുള്ള അവസരവും ഒരുക്കിക്കൊണ്ട് റെസിഡൻഷ്യയിൽ രീതിയിൽ ക്ലാസ്സുകൾ തുടങ്ങാനാഗ്രഹിക്കുന്നു. വഖ്ഫെനൗ കുട്ടികൾക്കും ജാമിഅയിൽ പോകാനാഗ്രഹിക്കുന്ന കുട്ടികൾക്കും മറ്റെല്ലാ കുട്ടികൾക്കും അഹ്മദികളുമായി സുദൃഢബന്ധം ഉണ്ടാക്കുന്നതിനും ഇത് പ്രയോജനപ്രദമായിരിക്കും. താൽപര്യമുള്ള രക്ഷിതാക്കൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ വിളിച്ച് താൽപര്യം അറിയിച്ച് ഉറപ്പുപറയുകയാണെങ്കിൽ സ്കൂൾ മാനേജിംഗ് കമ്മിറ്റി ഇതുമായി മുന്നോട്ടു പോകുന്നതായിരിക്കും. 20 കുട്ടികളുള്ള ഒരു റസിഡൻഷ്യൽ ബാച്ചു തുടങ്ങാനാണ് ആദ്യം ഉദ്ദേശിക്കുന്നത്. വിവരം അറിയിക്കേണ്ട അവസാന തിയതി 2024 ഏപ്രിൽ 15.

ഫോൺനമ്പർ: 94461 58818
സി.എച്ച്.സിദ്ദീഖ്, ചെയർമാൻ,
ഫള്ലെ ഉമർ പബ്ലിക് സ്കൂൾ
കരുളായ്, മലപ്പുറം ജില്ല.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin